# ഓണോപഹാരം
# Onopaharam 2014



## Singapore Malayalee Association
## Annual Publication


VARIETY is the SPICE of LIFE !
1 minute
Ready Meals
HOUSE BRAND
Vegetable Kurma
Net Wt: 300g (10.6 Oz)
Dal Makhani
Net Wt: 300g (10.6 Oz)
MEAT CURRY
POWDER
BIRIYANI
HOUSE BRAND
With over 50 different varieties of ground spices, Rice Varieties, flours, Ready to Eat Meals, Snacks, Bottled Spices, Special Blends, Instant Mixes, HOUSE BRAND has been spicing up the life of Singaporeans over the last 56 years!
ENHANCING FOOD EXPERIENCE
56
56 YEARS AND MORE
SINCE 1958
K N P TRADING PRIVATE LIMITED
In association with Surya Trading Enterprises (s) Pte Ltd
50 Senoko Drive, Singapore 758232 Tel: 62573712 Fax: 6753 6916
website: www.knp-housebrand.com email: spices@knp-housebrand.com

**Singapore Malayalee Association**

**Editorial Team**
Krishnakumar M
Anil Kumar
Chandana Dileep
Dileep
Dinesh Kumar
Geethakrishnan
Jayakumar N BBM
(Vice President, SMA)
Muralidharan V V
Padma Kumar
Padma Nayar
Pia Jayakumar
Prem P S
Rajesh Kumar R K
(Ex-Officio)
Ullas Kumar C S

**Advisor**
Koshy PK
President SMA

The views and opinions expressed or implied in ONOPAHARAM 2014 are those of the authors or contributors and do not necessarily reflect those of the Singapore Malayalee Association, its trustees, committee members or general membership.

**Singapore Malayalee Association**
44, Race Course Road
Singapore 281558
Tel: 6293 9195
Fax: 6392 8009
Web: www.malayalee.org.sg

Credits:
Cover page: Doodle design by Prem Krishna Akkatoo, coloring by Rajaneesh
Line Sketches: Anil Kumar

# Editorial

Facts are of course fine, but they are dull. Bereft of emotions and life and blood and tears they have the substantive lack of reality which is the Truth when facts themselves unfold. In facts, the silences and symbols are omitted and the true meaning gets completely lost. Facts need to have the "rasa", flavour, to truly reflect life. To understand an Indian festival or life in general, one needs much more than the language of facts and history. Myths may help. As Rollo May has said, "A myth is a way of making sense in a senseless world. Myths are narrative patterns that give significance to our existence."

Onam is based on such a myth. Myth of the rule of the great and just king, Mahabali, him being banished to the nether worlds through rather nefarious means by the Powers that be and his annual return to visit his once dear subjects. In the myth of Onam too, prose and poetry merge into each other making the search of historic facts irrelevant. Myths may or may not have literal truths of history, but Truth is hidden, just for the seekers of Truth to have the fun of discovery, through the poetic and symbolic maze.

Migrants are people uprooted from the land of their origins and transplanted into a remote soil. The soil may be more fertile, but the rays of wisdom and myths enable the photosynthesis and flowering to take place, properly. Our Singapore Onam celebrations take its significance from this perspective too, amongst others. This is also true for Malayalees worldwide and perhaps show its veritude by the huge popularity of such celebrations in Singapore in almost all corners of Singapore, in spite of the fact Malayalees are a small minority here. Singapore Malayalee Association celebrates Onam in multiple ways - the Onam Nite with mega stars and Onam Village with a more traditional and indigenous flavour.

Onopaharam provides an opportunity for the Malayalees of Singapore, Singaporean Malayalees settled overseas as well as some of our friends from overseas to share their literary and artistic creative spirit and self expression. Onopaharam is meant to promote, our language, our art and culture and our traditions and it is a rather eclectic collection of literary, artistic, cultural and graphic contributions. We sincerely hope that more of our own second and further generations imbibe the Malayalee traditions, culture and values as well as the language itself. Learning the language and expressing in it, is surely one of the finest ways.

എത്ര മനോഹരങ്ങളായ ഓർമ്മകളാണ് ഓണത്തോടൊപ്പം മലയാളി മനസ്സിൽ ഓടിയെത്തുന്നത്. അത്തപ്പൂക്കളം, ഊഞ്ഞാൽ, ഓണക്കോടി, ഓണസ്സദ്യ, വള്ളംകളി, പുലിക്കളി, അങ്ങനെ എത്ര എത്ര. തിരുവോണത്തിന്റെ പത്തുനാൾ മുമ്പുമുതൽക്ക് തന്നെ വീടുകളുടെ മുറ്റത്ത് അത്തപ്പൂക്കളം വിരിഞ്ഞു തുടങ്ങുന്നു. തെറ്റിയും, മുല്ലയും, ജമന്തിയും, അരളിയും, തുമ്പയും ഒക്കെ ഒക്കെ. ലോകമെമ്പാടുമുള്ള മലയാളികൾ പലതരത്തിലുമുള്ള കലാ സാംസ്കാരിക ആഘോഷങ്ങളോടെ ഓണസ്മരണ നിലനിർത്തുന്നു. നമ്മൾ ഇവിടെ സിംഗപ്പൂരിലും.

ഈ ഓണക്കാലവും, വരും ദിനങ്ങളും, നമുക്കേവർക്കും സമൃദ്ധിയുടേയും സന്തോഷത്തിന്റേയും സാഹോദര്യത്തിന്റേയും ദിനങ്ങളാകട്ടെയെന്നും മനസ്സ് നന്മകളാൽ പൂരിതമാകട്ടെയെന്നും ഹൃദയംഗമമായി ആശംസിച്ചുകൊള്ളുന്നു.

കൃഷ്ണ കുമാർ
എഡിറ്റർ, ഓണോപഹാരം 2014

HALAL FOODS INTERNATIONAL™

# Eat Right, Live Strong

Delivery Hotline 6282 9722

LIONSXII







HALAL FOODS INTERNATIONAL
Official Health Food Partner of LIONSXII

Halal Foods International Retail | No 14 Kerbau Road Singapore 219153

# CONTENTS

## Regulars


1 Editorial
5 Message by Guest of Honour, H E Mrs Vijay Thakur Singh, High Commissioner of India to Singapore
7 Message by Mr PK Koshy, President, Singapore Malayalee Association
9 Message by Mr Gopinath Pillai BBM, BBM(L), Advisor, SMA
10-11 Management Committee, SMA
11-16 SMA Committees
94-97 Malayalee Achievers of Singapore: 2013- 14
88-89 Onam Greetings
113 Farewell
128 Acknowledgments


## Features - English


24 "My walk in the "Cultural Park" through community service by Sarojini Chandran
29 "Malayalam, Our Mother-Tongue!" by Jayadev Unnithan
30 "Gandhian (Frugal) Innovation" by Supriti Gupta and Prahlad Vadakkepat
33 "Roandeau Poetry" by Hari Kumar R Nair
34 "The Melting Snows of Kilimanjaro" by Amrish Nair
46 "Heart2Climb On Top of Annapurna & Oneself" by Ashik Ashokan
57 "Chest Pain From Costochondritis" by Dr VP Nair
68 "Unnikuttante Lokam" by Aparna Krishnan
78 "Traversing The Himalayas" by Manu Ignatius
101 "On Homoeopathy" by Dr K Ramachandran BHMS,
102 "Good to Better is always for the Best!" by Dr Sheela Nair - Pinnagoda
104 "Celebrate Womanhood!" by Rubina Sudharman
105 "Much Ado About Nothing!" by Dr Chitra Krishnakumar
114 "The Era of the "I"" by Neha Nair
116 "Reflections of a Learning Experience" by Niranjana Krishna


## Features - Malayalam


17 "Pazhayoronakkaalam" by Mary Raphael
18 "Chingamaasam Vannuchernnaal" by Metrice Philip
19 "Malayaaliyute Svantham Gabo" by Aparna Krishnan
20 "Hari Raya Mazha" by Mohammed Haji Salleh (Translation: MK Bhasi)
22 "Kaathirikkaan Oronam" by Venmani Bimalraj
26 "Hariharante Kanakkupusthakam" by Ashtamoorthy
28 "Pratheeksha" by D Sudheeran
38 "Sreedevi" by Babu Ezhumavil
48 "Maranathinte Thaalavum Gandhavum" by PK
60 "Kalangal" by Aniyan
67 "Onasmarakam" by Nishant
70 "Kelan Kezhunnu" by Cheruthuruthy Unnikrishnan
73 "Anityam Manava Jeevitham" by Biju Prahlad Vadakkeppat
74 "Mahakavi Kumaran Asan" by Dr CNN Nair
98 "Thekkayile Ammumma" by Hema Shivaramakrishnan
108 "Oru Prabhata Shakalam" by Leena G
109 "Jeevitham" by Mini Mohan
110 "Mazhayormakal" by Pia Kumar
118 "Ekanthatha - MK Bhasiyute Kavithakalil" by Ullas Kumar CS


## Graphics


56 Paintings by Shreekant P
81 Paintings by Aswathy, Liyana Niaz, Rayan Niaz, MKV Rajesh and Sheena Bharatan


## In Pictures


49 Karunyam 2014
50-51 Onam Nite 2013
82-83 Onam Village 2013
53 Sports Tournament - Badminton
53 Sports Tournament - Bowling
55 Indian New Year Celebrations by LISHA
55 Sports Tournament - Soccer
90-91 Varnam 2014


## Reports


92 Varnam 2014: Burst of colours and creativity! by Dr Chitra Krishnakumar


## 122 - 127 SMA Reports


Youth Wing
Cultural Committee
Welfare Committee
Organizing Committee
Ladies Wing
Sports Committee
From General Secretary's Desk




# Greetings to Mr Nathan



"Singapore Malayalee Association takes great pleasure in extending our heartiest congratulations to Mr S R Nathan, former President of the Republic of Singapore on being conferred an honorary doctorate of letters in recognition of his support to SMU as its patron and his life time of public service."

# Message by Guest of Honour

**VIJAY THAKUR SINGH**

**HIGH COMMISSIONER OF INDIA**
31 GRANGE ROAD
SINGAPORE 239702
Tel: 62382510 / 62382518 / 62382520
Fax: 67378696
E-mail: hc@hcisingapore.org
Website: www.hcisingapore.gov.in



28th July, 2014

**MESSAGE**

Onam is celebrated by Malayalees throughout the world with great fervour, for which elaborate preparations are made, including the grand feast Onasadya.

Singapore Malayalee Association has been celebrating Onam every year in its long history of over 98 years. I am confident that Singapore Malayalee Association will focus on being an integrating force of Malayalees in Singapore and also a torch bearer of a very important part of the cultural heritage of India. I wish the Singapore Malayalee Association all success in its endeavours.

I take this opportunity to convey to all my greetings for a very happy and joyous Onam.

(Vijay Thakur Singh)

# Message - President
## Singapore Malayalee Association



*Namaskaram. Onashamsakal!*

It is with great joy and happiness that all Malayalees welcome another Onam celebration. Singapore Malayalee Association has been celebrating Onam for the past 97 years of its existence in Singapore. This year as in the past SMA has set aside two days to celebrate Onam festival.

"Onam Nite" 2014 will be held on Saturday, 2nd August 2014 from 7.00pm to 10.30pm. With a gala music and dance performance at the Esplanade Concert Hall, in collaboration with Esplanade Theatres on the Bay.

The program for the evening will feature the celebrated Malayalam film playback singer PadmaShri K S Chitra and Manju Warrier, the famous cine-actress as the lead dancer for the evening. They will be accompanied by other great singers, Madhu Balakrishnan, Najim Arshad, Mridula Warrior and Franco.

This annual event has attracted a large crowd in the past and we are looking forward to about 1700 participants from the community to join us in this cultural festival. The second event to celebrate Onam is the annual "Onam Village Family Day 2014" which will be held from 9.00am to 5.00pm on Sunday 24th August, 2014 at the Naval Base Secondary School, Yishun Ring Road, Singapore 768689. The family day program will commence at 9.00am and end at 5.00pm. The events of the day will be as follows:

1. Sports and games to cater to the interest of all ages.
2. Cultural show of music and dance to promote local talents.
3. The highlight of the day will be "Onam Sadya" vegetarian lunch served on banana leaf.
4. Booths will be set up for sale of items of novelty.
5. The day's program will end with a tug of war competition for men, ladies and children.

Besides these major annual activities, SMA has organised the following events spread out over the year:

**1. Karunyam 2014 (welfare program)**
For the second year this event was organised to raise some funds for our welfare activities as follows: Financial assistance was given to some needy members Of the community as and when the urgent need arose. Scholarships will be given to four secondary school students as part of Onam celebration 2014. Requests for assistance in educational needs of poor families are being considered currently.

**2. Varnam 2014 (Art Exhibition)** Youth wing of SMA organised this event in 2013 and in 2014. The response for this event was very encouraging and

participation by artists and viewers were beyond expectation. 200 Paintings contributed by 21 artists were on display at the exhibition held at mica. The event was supported by national arts council and was officially opened by Mr S Iswaran, Minister, Prime Minister's Office, Second Minister for Home Affairs and Second Minister for Trade and Industry, Republic of Singapore.

3. **Sports activities** attracted great support and the first event for the year, bowling competition has been completed.

4. **Badminton, Soccer and Cricket Tournaments** will be held over the next few months and increased support is anticipated.

Yoga classes are currently run once a week at the association premises. A group of Literary enthusiasts in Malayalam literary work meet regularly at SMA and this session has brought together some Malayalam scholars in our midst. As in the past SMA participated in the Indian new year celebration held in April 2014 by LISHA. The theme this year was "Indian Wedding".

A talk on "Global Peace Initiative" was held in April 2014 by Ms Belkish Shah on the initiative undertaken by "Prem Rewat". A film in Malayalam produced by Shilpa Krishan was shown at the association and this attracted a large crowd. This was the third film produced by Shilpa.

SMA was able to carry out all the above programs with the support of our members, organisers, participants and well wishers and we place on record our appreciation for their cooperation and support.

We look forward to your continued vigour and support in all our future activities.

Best wishes and a very enjoyable Onam 2014.

Nanni. Namaskaram

**P K Koshy**
President, SMA


HANIFFA
Since 1962
Visit Malaysia
Visit Haniffa
KUALA LUMPUR
• SINGAPORE
• KLANG • PENANG
• CHENNAI
HANIFFA
one stop
shopping
center
HANIFFA JEWELLERIES

# Message - Advisor
## Singapore Malayalee Association



From my childhood I have wondered why Bhagawan Vishnu had to end the benign rule of Mahabali and send him into exile giving him access to his kingdom only once a year. He ruled a kingdom which had peace and tranquility. What replaced it is what we have today---- a world which is at war with itself where a group of senseless people can shoot down a plane carrying almost 300 innocent people who have done them no harm at all. The perpetrators of the crime seem to be getting away without being punished. Perhaps the purpose of Mahabali's annual visit is to tell us not to despair. Good people everywhere can harness their resources and establish a society which is just, tolerant and peaceful. The Malayalees have always had a reputation of being a tolerant community respecting and embracing diversity. We must always live up to this reputation and by example contribute in some measure to end the hatred and cruelty in this world.

I wish all a Happy Onam.

**Gopinath Pillai BBM, BBM(L)**
Advisor, Singapore Malayalee Association

# Management Committee 2012-2014



Gopinath Pillai
BBM, BBM(L)
**Advisor**



M M Dollah
**Advisor**



P K Koshy
**President**



Jayakumar N BBM
**Vice President**



Rajesh Kumar
**Hon. Gen. Secretary**



Muraleedharan VV
**Hon. Asst. Gen. Secretary**



P S Prem
**Hon. Treasurer**



Padma Nayar
**Hon. Asst. Treasurer**



Dinesh Kumar
**Cultural Secretary**



Suja Thampy
**Organising Secretary**



Suresh Kumar K B
**Sports Secretary**



Badarudeen M
**Welfare Secretary**



Kamala Nair
**Member, MC**



Ajayakumar K N
**Member, MC**



Sivaraman Nair
**Member, MC**



Savant Raj
**Member, MC**
**Chairman, Youth Wing**



Ullas Kumar CS
**Member, MC**



James Mathew
**Member, MC**

# Legal Advisor



Chandramohan Nair PBM

# Internal Auditors



R Asokan



MCV Mathai

# Trustees



Dr V P Nair PBM



KO George



H Abdul Samad



Viswa Sadasivan NMP

# Cultural Committee 2013 - 2014



Dinesh Kumar
**(Chairman)**



Rajesh Kumar



Ullas Kumar CS



Padma Nayar



Savant Raj



Dileep



Santhosh Kumar KV



Rajesh Chandran



Rajesh R Nair



Syam Kumar Prabhakaran



Sreekanth APV



Abhilash Kumar CS



Anil Vattalai



Mujeeb Rahiman Mundayil



Nithin Salgunan

# GET SET FOR AN ADVENTURE OF A LIFETIME!




**Escape to an incredible destination with Jet Airways, one of Asia's finest airlines.**



Excitement awaits in India! Hot air balloon over the Taj Mahal in Agra, paraglide across open country side in Rajasthan, enjoy a game of golf in Srinagar, or explore the awesome Himalayan peaks - there are many thrilling escapades to enjoy. Explore this incredible land and experience the pleasure of flying Jet Airways with our premium comfort and award winning service.

Contact Jet Airways at (+65) 6227 0222, or email to sinreservations@jetairways.com for more information.

www.jetairways.com



JET AIRWAYS



# Publications Committee




**Sitting (L to R):** Padma Nayar, Krishna Kumar M (editor), Koshy PK (President SMA & Advisor, Onopaharam), Padma Kumar, Geethakrishnan
**Standing (L to R):** Prem P S, Dinesh Kumar, Rajesh Kumar R K (Ex-Officio)
**Not in the photo:** N Jayakumar BBM (Vice President, SMA), Ullas Kumar C S, Pia Jayakumar, Dileep, Chandana Dileep, Anil Kumar, Muralidharan V V,

# Organizing Committee



**Sitting (L to R):** Rejanikumari, Kavitha Girish, Suja Thambi, Mr P K Koshy, Mrs Padma Nayar, Nima Manaf, Sunitha Nair

**Not in the photo:** Dr.Deepti Nair, Jayanthi Jyothish, Ullas kumar, Rajesh Pillai, Prem

*Wishing Onam 2014 by* SMA *all the Success*

HEART Matters™

**Dr Dinesh Nair**
Consultant Cardiologist

MBBCh BAO (Rep of Ireland),
FAMS (Cardiology, Singapore),
FACC (USA), FCCP (USA), FSCAI (USA),
MRCP (UK), FRCP (Edin), FESC (Europe)

**Heart Matters Medical Centre Pte Ltd**
**+65 6836 1880**
www.heartmatters .com.sg

NC
NAIR CARDIAC & MEDICAL CENTRE

**Dr V P Nair**
Consultant Cardiologist

MBBS, FAMS (Cardiology, Singapore), MRCP (Ireland),
MRCP (UK), FRCP (Edin), FRCGP (UK), FRCP (Ireland),
FRCP (London), FACC (USA), FCCP (USA),
FESC (Europe), PBM (Singapore)

**Nair Cardiac & Medical Centre**
**+65 6235 9926/8**
www.cardiology-nairclinic.com

**Our Clinics:**

1. 3 Mount Elizabeth, #16-08, Mount Elizabeth Hospital (Orchard), Singapore 228510
2. 38 Irrawaddy Road, #07-35 & #07-30, Mount Elizabeth Hospital (Novena), Singapore 3295633



INDIA SAREE
EMPORIUM
House of Indian Ethnic Fashionwear

**Housing traditional designs in its contemporary style, from exquisite wedding attire to formals in men's & women's fashionwear & accessories**

**189 Selegie Road, #01-01 Selegie Centre**
**Singapore 188332 (Opposite Selegie House)**
**Tel: 6337 1989 / 6883 0446**

# Ladies Wing



**Sitting (L to R):** Saradha Nair, Merlin Anthony, Krishnaveni Jenardhanan, Daisy Koshy, P.K.Koshy( SMA Presiden)t, Rajamma Pillai(Ladies wing Chairperson) Subhadra Nair, Padma Nayar, Goma Kurup.

**Standing (L to R):** Rajani Padmakumr, Vidyarani Karunakaran, S.Sheebha, Philomina Martin, Sujatha Menon, Indu Nair, Dr Deepthy Nair, Kavitha Girish, Dr Preeja Sreedhar, Sunitha Nair,.Nima Manas

**Not in the Photo:** Janamma Unnithan, Selin Lloyd, Kamala Nair, Vilasini Devan, Radha Nair, Kavitha Harish, Latha Nandakumar, Latha Balakrishnan, Indulekha Dev, Uma Ullas, Shiji Rajesh, Cigy Manesh, Annie Geethakrishnan, Sindhu Natesan

# Welfare Committe



Badarudeen M
**(Chair Person)**



P K Koshy



Kamala Nair



Ullas Kumar CS



Devayani Anandan



Jayakumar N BBM



Rajesh Kumar



Dinesh Kumar



Indu Jaydev



Krishnalal PV



Sunil Shivaram



Subhadra Nair



Daisy Koshy



Satish



Laila Karim



Gangadharan K




# Sports Committee


Suresh Kumar B


Johnwin Jonrose


Pradeep C


Rajesh Kumar


Abhilash


Rajesh Chandran


Dinesh Kumar


Prem P S


Muraleedharan VV


Gangadharan K


Santhosh KV


Rajesh R Nair

# പഴയൊരോണക്കാലം

## മേരി റാഫേൽ

തോട്ടേറുമ്പിൽ കൈതപൂത്ത പൂമണം
ഉന്മാദമുണർത്തുന്ന മൂവന്തിനേരം
കുളിച്ചലക്കി ഈറനിട്ടു ശീഘ്രമോട്ടം
പെണ്ണാളരേ എവിടെയാണു നിങ്ങളിന്ന്?

പുലർവെട്ടമെത്തും മുൻപേ തപ്പി ത്തപ്പി
ഇലഞ്ഞി മരച്ചുവട്ടിൽ വീണ പൂക്കൾ പരതി
കുഞ്ഞു കണ്ണുകൊണ്ടു തിട്ടമാക്കി പെറുക്കി വയ്ക്കും
അന്ത്യയാമ നിലാവെളിച്ചേ കൊച്ചു കുട്ടികൾ.

ഈനാം പേച്ചിയെത്തും മുൻപാദ്യ യാമം
കൂകി വിളിച്ചുണർത്തിയെത്തും കൂട്ടുകാർ,
കരിയിലയുമുണരാതെ പമ്മിപ്പമ്മി മാമ്പഴം
മടിക്കുത്തിലാക്കിയെത്തി നിദ്രപൂകും മിടുക്കന്മാർ.

തൊടിയായ തൊടിയെല്ലാം കൂട്ടായലഞ്ഞു നമ്മൾ
പൂവായ പൂവെല്ലാം പൂക്കുടയിലാക്കിവച്ചു,
പൂക്കളമിട്ടു നമ്മൾ കുഞ്ഞു ദുഃഖം മറന്നു പാടി,
ഓണത്തപ്പനും പൂവേപൊലി പൂവിളികൾ.

വയലരുകിൽ ചെറുമരത്തിൽ മൈനപാടി,
നാമന്നതേറ്റു പാടിയൊരു മനമോടെ,
തോളുരുമ്മി നടന്നു നമ്മൾ ജാതിയില്ലാതെ,
തിമിർത്തു ഘോഷിച്ചോണക്കാലമത്രയും.

ഇത്ര നല്ലയോർമ്മകളിന്നുമയവിറക്കി നാം
കഴിഞ്ഞ കാല നന്മകൾ വീണ്ടുമോർത്തുവയ്ക്കുന്നു.
വളർന്നുവരും കുഞ്ഞുമക്കളോർക്കുവാൻ,
എന്തു നന്മ ബാക്കി വച്ചു നമ്മളീ ചുറ്റുവട്ടം!

---

*I hail from the Kottayam District but now lives in Thripunithura, Ernakulam. I was living in Dubai for 35 years with my family. I am a teacher by profession with Masters degree in English Literature and Bachelors in Education. My husband is Raphael Arambur and we have 3 daughters. I write poems in English and Malayalam and also has some short stories too. I enjoy reading and love to attend literary meetings and is associated with literary associations.*





# ചിങ്ങമാസം വന്നുചേർന്നാൽ...

മെട്രീസ് ഫിലിപ്പ്, സിംഗപ്പൂർ

മലയാളികളുടെ മനസ്സിൽ സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും ഉത്സവച്ചാർത്ത് നൽകുന്ന, മലയാള മാസത്തിൽ ഏറ്റവും പ്രധാന്യമുള്ള മാസമാണ് ചിങ്ങമാസം. 2014 ഓഗസ്റ്റ് 17-ാം തീയതി ആണ് ഈ വർഷത്തെ മലയാളമാസം 1-ാം തീയതി. അതായത് കൊല്ലവർഷം 1190 ചിങ്ങം 1. ചിങ്ങമാസത്തിലാണ് മലയാളികളുടെ ഉത്സവങ്ങളുടെ ഉത്സവമായ ഓണം. മലയാളമാസത്തെ കലണ്ടർ പ്രകാരം 119 ചിങ്ങം 22 ആണ് ഈ വർഷത്തെ തിരുവോണദിനം(2014 സെപ്റ്റംബർ 7). പ്രധാനമായി നാല് ദിവസങ്ങളിലായിട്ടാണ് ഓണം ആഘോഷിക്കുക.

ചിങ്ങമാസത്തിലാണ് കൂടുതലായി വിവാഹം, ഗൃഹപ്രവേശം, കല്ല് ഇടീൽ കർമ്മം, ഹിന്ദു ആചാരപ്രകാരമുള്ള നല്ല ചടങ്ങുകൾ എല്ലാം നടത്തുക. കാർഷിക മേഖലയിലെ വിളവെടുപ്പ് ഉത്സവവും ചിങ്ങമാസത്തിലാണ് ആഘോഷിക്കുക. പഞ്ഞക്കർക്കിടകത്തിന്റെ ശീലുകൾ എല്ലാം മറന്ന് ഒരു പുതിയ വർഷത്തിന്റെ തുടക്കമേകുന്ന ആ നല്ല നാളുകൾ മലയാളികളുടെ മനസ്സുകളിലേയ്ക്ക് കടന്നു വരികയായി.

ശാന്തസുന്ദരവും പ്രകൃതി രമണീയവും പച്ച പുതച്ച നെൽ പാടങ്ങളും പുഴകളും, തോടുകളും നദികളും വനങ്ങളും നിറഞ്ഞ മലയാളികളുടെ സ്വന്തം കേരളം. ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം. നാട്ടുരാജാക്കന്മാർ ഭരണം നടത്തിയും, കലാ-സാംസ്കാരിക വാണിജ്യമേഖലകളിലും , വിദ്യാഭ്യാസ മേഖലയിലും നാടൻ കലാരൂപങ്ങളും നൃത്തങ്ങളും നാടൻ പാട്ടുകളും അരങ്ങേറിയ കേരളം. ചിങ്ങമാസത്തിലെ ആ നല്ല നാളുകൾക്കായി കേരളം ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു. കേരളത്തോടൊപ്പം മലയാളികൾ താമസിക്കുന്ന എല്ലാ രാജ്യങ്ങളിലും ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് കഴിഞ്ഞിരിക്കുന്നു. സിംഗപ്പൂർ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിലുള്ള " ഓണം 2014" ന്റെ ആഘോഷങ്ങൾ തുടക്കമായി. ചിങ്ങമാസത്തിലെ ഓണം ആഘോഷമാണ് ഏറ്റവും പ്രാധാന്യമേറിയത്.

നൂറ്റാണ്ടുകൾക്ക് മുൻപ് മഹാബലിത്തമ്പുരാൻ നാടുവാണ ഒരു കാലമുണ്ടായിരുന്നു. ആ കാലഘട്ടം വളരെയധികം സുന്ദരമായിരുന്നു. കള്ളവും ചതിയും ഇല്ലാത്ത കാലം. എവിടെയും സന്തോഷവും പരസ്പര സ്നേഹവും മാത്രം. തന്റെ പ്രജകളെ കാണുവാൻ ചിങ്ങമാസത്തിൽ മഹാബലിത്തമ്പുരാന്റെ വരവാണ് ഓണക്കാലത്തിൽ പ്രധാന്യമായി അനുസ്മരിക്കുന്നത്. ഓണക്കാലം എന്നു കേട്ടാൽ നമ്മുടെ മനസ്സിലേക്ക് ഒരായിരം ചിന്തകളും സന്തോഷകരമായ മുഹൂർത്തങ്ങളുമാണ് കടന്നുവരുന്നത്. കേരളത്തിൽ ആഘോഷിക്കുന്ന ഏറ്റവും വലിയ ഉത്സവമാണ് ഓണം. സംസ്ഥാന ഗവൺമെന്റ് ടൂറിസം വാരമായി ആഘോഷിക്കുന്നത് ഓണക്കാലത്താണ്.

ഓണക്കാലം ആഘോഷങ്ങളുടെയും കലാ-കായിക മത്സരങ്ങളുടെയും സമയമാണ്. നാടൻ പാട്ടുകളും, കളികളും ഒത്തുചേരുന്ന പഞ്ഞക്കർക്കിടകം മാറി ചിങ്ങം പിറക്കുമ്പോൾത്തന്നെ കുട്ടികളുടെയും മുതിർന്നവരുടെയും മനസ്സിൽ സന്തോഷത്തിന്റെ

അലയടികളാണ്. ഫുട്ബോൾ, തലപ്പന്തുകളി, കുട്ടിയും കോലും, ചീട്ടുകളി, സുന്ദരിക്കൊരു പൊട്ടുതൊടൽ, വാഴയിൽ കേറ്റം, ചുണ്ടൻ വള്ളം കളി, വടം വലി, എന്നിങ്ങനെ വിവിധയിനം മത്സരക്കളികൾ അരങ്ങേറുന്ന ഓണക്കാലത്ത് വാശിയോടെയാണ് കെരളീയ ഈ മത്സരങ്ങളിൽ പങ്കുചേരുന്നത്. ഓണത്തിന് ഒരാഴ്ച മുമ്പേ വീടും പരിസരവും ശുചിയാക്കും. ഓണസദ്യക്കുള്ള സാധനങ്ങൾ എല്ലാം മുമ്പേ ഒരുക്കി വച്ചിരിക്കും. കുടുംബാംഗങ്ങൾ എല്ലാം ഒത്തുചേർന്ന് പൂക്കളം ഒരുക്കുകയും ഓണസദ്യ ഒരുക്കുകയും തുടർന്ന് കുളിച്ച് പുതിയ വസ്ത്രങ്ങൾ അണിഞ്ഞ് വാഴയിലയിട്ട് വിഭവസമൃദ്ധമായ ഓണസദ്യ ഉണ്ട് ആഘോഷിക്കുന്നു.

ചിങ്ങമാസം പൂക്കാലം കൂടിയാണ്. വീടിന്റെ തൊടികളിലും , പാടങ്ങളിലും എല്ലാം വിവിധങ്ങളായ പൂക്കൾകൊണ്ട് നിറഞ്ഞിരിക്കും. പെൺകുട്ടികൾ പൂക്കുടകളുമായി പൂക്കൾ പറിക്കുവാൻ പോകുന്ന ഗ്രാമീണ കാഴ്ച എത്രയോ മനോഹരമാണ്. അത്തപ്പൂവും, അരിപ്പൂവ്, തുമ്പപ്പൂവ്, കദളിപ്പൂവ്, ചെത്തിയും ചെമ്പരത്തിയും മുല്ലപ്പൂവും ജമന്തിയും എല്ലാം പൂത്ത് ഉലഞ്ഞ് നിൽക്കുന്ന കാഴ്ചകൾ ആരേയും ആകർഷിക്കും. അത്തപ്പൂക്കളമത്സരം ഓണക്കാലത്താണ്. കൃഷിയിടങ്ങളിൽ എല്ലാം വിളവെട്ടപ്പിന്റെ മാസം കൂടിയാണ് ചിങ്ങമാസം. വിളഞ്ഞ് കൊയ്യാൻ പാകമായി നിൽക്കുന്ന സ്വർണ്ണനിറമുള്ള നെൽകതിരുകളും, വിവിധങ്ങളായ പച്ചക്കറികളും വിവിധതരത്തിലുള്ള ഏത്തനും , കദളിയും, പൂവനും , കൂടാതെ മത്തനും, ചേനയും, എല്ലാം വിളവെടുക്കാൻ പാകമായിരിക്കും. ചിങ്ങമാസം വന്നുചേർന്നാൽ.. എന്ന പ്രശസ്തമായ മലയാളഗാനത്തിന്റെ ഈരടികൾ ഏറ്റ് പാടി സിംഗപ്പൂരിലെ എല്ലാ മലയാളികളും ഒത്തുചേർന്ന് ഈ വർഷത്തെ ഓണം ആഘോഷിക്കാം. ഏവർക്കും ഓണാശംസകൾ. ▲

**സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ ഒരു പൊന്നോണം കൂടി ഏവർക്കും ഓണാശംസകൾ..**



**തിരുവോണാശംസകൾ..**

 

It"s often said that the works of Colombian novelist and short-story writer Gabriel Garcia Marquez are quintessential examples of "magic realism": fiction that integrates elements of fantasy into otherwise realistic settings. In his 1967 novel, "One Hundred Years of Solitude", which ambles through a century in the lives of one family in the enchanted Latin American hamlet of Macondo, magic carpets fly, ghosts haunt villagers, and trickles of blood from a killing climb stairs and turn corners to find the victim"s mother in her kitchen. Indeed, the book has done what might seem impossible: It has allowed Latin America to understand itself, to come to terms with its own potential, to embrace the forces of freedom - in politics as well as in the imagination.

Onopaharam fondly remembers and salutes the memory of this great Grand Master of the magical world of letters, who left us recently on 17 Apr 2014, at Mexico City. He was indeed a hot favourite of Malayalee thinkers, artistes and lovers of literature.

-- Editor, Onoapaharam

# മലയാളിയുടെ സ്വന്തം ഗാബോ

## അപർണ്ണ കൃഷ്ണൻ

ജീവിതത്തിൽ ഒരിക്കൽ പോലും കേരളമണ്ണിൽ കാലു കുത്തിയിട്ടില്ലെങ്കിലും, ഗബ്രിയൽ ഗാർസിയ മാർകേസ് എന്ന നോബേൽ ജേതാവ് കേരളക്കരയിലെ ഈറ്റവും പ്രിയപ്പെട്ട എഴുത്തുകാരിൽ ഒരാളാണ്. ഈ കഴിഞ്ഞ ഈപ്രിൽ പതിനേഴിന് 87 വയസ്സിൽ മെക്സിക്കോ സിറ്റിയിൽ അന്തരിച്ച ഈ കൊളംബിയൻ എഴുത്തുകാരന്റെ ഒട്ടുമിക്ക കൃതികളും മലയാളത്തിലേക്ക് തർജ്ജമ ചെയ്തിട്ടുണ്ട്. ഇവ എല്ലാം തന്നെ ചൂടപ്പം പോലെ നമ്മുടെ നാട്ടിൽ വിറ്റഴിഞ്ഞിട്ടുമുണ്ട്. മലയാളികൾ ആവേശപൂർവ്വം നെഞ്ചിലേറ്റിയ മറ്റൊരു അന്യഭാഷാ എഴുത്തുകാരൻ ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. എന്നാൽ അന്യഭാഷാ എഴുത്തുകാരൻ എന്ന രീതിയിലല്ല, മറിച്ച മലയാളത്തിന്റെ സ്വന്തം എഴുത്തുകാരിൽ ഒരാളായാണ് നമ്മൾ ഗാബോയെ കാണുന്നത്.

എന്റെ കുട്ടിക്കാലത്ത് സ്കൂളിൽ ടീച്ചർ അഞ്ചു എഴുത്തുകാരുടെ പേർ എഴുതാൻ പറഞ്ഞപ്പോൾ ഗബ്രിയൽ ഗാർസിയ മാർകേസ് എന്ന പേർ അറിയാതെ ഞാൻ ഓർത്തുപോയി. മുത്തച്ഛന്റെ അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന കനമുള്ള പുസ്തകങ്ങളിൽ എന്റെ ശ്രദ്ധയാകർഷിച്ച ഒരു പേരായിരുന്നു അത്.

എം ടി വാസുദേവൻ നായർ തന്റെ അമേരിക്കൻ യാത്രാ വിവരണത്തിലൂടെ എഴുപതുകളിൽ ഗാബോയെ നമുക്ക് പരിചയപ്പെടുത്തിത്തന്നു. അന്നുമുതൽ

കേരളത്തിലെ ഓരോ കൊച്ചു പുസ്തകശാലയിലും അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ദൃശ്യമായി തുടങ്ങി. അദ്ദേഹത്തിന്റെ പുതിയ പുസ്തകങ്ങൾ ഇവിടെ എത്തും മുൻപ് തന്നെ വികലമായ പരിഭാഷകൾ നക്സലൈറ്റ് വാരികയായ "സോഷ്യലിസ്റ്റ് സംവാദത്തി"ലും മറ്റും പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. അന്നത്തെയും ഇന്നത്തെയും തലമുറകളിൽ ഈ ലാറ്റിൻ അമേരിക്കൻ കഥാകൃത്തിന്റെ ശക്തിയേറിയ സ്വാധീനം നിലനിൽക്കുന്നു.

"ഏകാന്തതയുടെ നൂറു വർഷങ്ങൾ"ടെ മലയാള തർജ്ജമ എണ്പതുകളിൽ കേരളത്തിൽ വന്ന സമയത്ത് ഇവിടുത്തെ ഗ്രാമങ്ങളിൽ ഇന്നത്തെ ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെ ലഭ്യമായിരുന്നില്ല. എന്നിട്ടും, പൊതുജനവും സാഹിത്യ നിരൂപകരും ഒരുപോലെ, ലോലമായ താളുകളുള്ള, "മാർകേസ്" എന്ന് ആദ്യ താളിൽ അച്ചടിച്ച് തുന്നിക്കെട്ടിയ പുസ്തകങ്ങളിലൂടെ ആ മഹാകൃതിയുടെ സൗന്ദര്യം നുകർന്നു.

ഈ വികാരം കുറെനാൾ തുടർന്നു. 1982ൽ മാർകേസിനു നോബേൽസമ്മാനം ലഭിച്ചത് കേരളത്തിൽ ഈ എഴുത്തുകാരനെയും അദ്ദേഹത്തിന്റെ കൃതികളെയും ചൊല്ലി ഒരു എഴുത്ത് വിപ്ലവം തന്നെ സൃഷ്ടിച്ചു.

ആശ മേനോനും എം കൃഷ്ണൻ നായരും അദ്ദേഹത്തെക്കുറിച്ച് മലയാളത്തിൽ എഴുതിയ രണ്ടു പഠനങ്ങൾ അവിസ്മരണീയമാണ്. ആശ മേനോന്റെ അഭിപ്രായത്തിൽ ഗാബോയുടെ കഥ പറയൽ ശൈലിയാണ് മലയാളിയുടെ ഹൃദയത്തിൽ അദ്ദേഹത്തിന് ചിരപ്രതിഷ്ഠ നേടിക്കൊടുത്തത്. ഒരുപക്ഷെ, മിത്തുകളെ ഏറെ ഇഷ്ടപ്പെടുന്ന മലയാളിക്ക് ഗാബോയുടെ കഥകൾ തന്റെ ചരിത്രത്തിലേക്കുള്ള വഴികാട്ടിയായി മാറിയിരിക്കാം. എം കൃഷ്ണൻ നായരുടെ "സാഹിത്യ വാരഫലത്തിൽ" അദ്ദേഹം ഇങ്ങനെ ഗാബോയെ വർണിച്ചു. "അഴകിയ ചരിത്രം, നശിക്കുന്ന വർത്തമാനം, നാറുന്ന ഭാവി ... ഇവ മൂന്നും ഇത്ര ഹൃദയഹാരിയായി പ്രതിപാദിക്കാൻ മറ്റൊരു എഴുത്തുകാരനും സാധിക്കില്ല."

മാജിക്കൽ റിയലിസത്തിന്റെ വാതിൽ എനിക്ക് തുറന്നു തന്നത് മാർകേസാണ്. സ്വപ്നതുല്യമായ കഥാതന്തുവും ആഖ്യാനവും എന്നിലെ വായനക്കാരിയെ കോരിത്തരിപ്പിച്ചു; പ്രത്യേകിച്ചും അദ്ദേഹത്തിന്റെ "കോളറക്കാലത്തെ പ്രണയം". ഞാൻ എന്നും അദ്ദേഹത്തിന്റെ ചെറുകഥകളുടെയും ആത്മകഥയുടെയും ചലച്ചിത്ര ആവിഷ്കാരങ്ങളുടെയും ആരാധികയാണ്. ഞാൻ വായിച്ചിട്ടുള്ള പുസ്തകങ്ങളിൽ ഏറ്റവും മാസ്മരികമായി തുടങ്ങുന്നത് മാർകേസിന്റെ *"Chronicle of a Death Foretold"* ആണ്. *"On the day they were going to kill him, Santiago Nasar got up at five-thirty in the morning to wait for the boat the bishop was coming on."* ഈ വരി ഇന്നും എന്റെ മനസ്സിൽ മായാതെ പതിഞ്ഞു കിടക്കുന്നു.

തർജ്ജമകളിലൂടെ മാത്രമല്ല, ചലച്ചിത്ര ലോകത്തും മാർകേസിന്റെ കഥകൾ ഒരു നവ്യാനുഭവവും പുത്തൻ ഉണർവും സൃഷ്ടിച്ചു. മലയാളത്തിലെ ആദ്യത്തെ മാജിക്കൽ റിയലിസം സിനിമയുടെ പരീക്ഷണമായ "ആമേൻ" ന്റെ സംവിധായകനായ ലിജോ ജോസ് പല്ലിശ്ശേരി ഗാബോയുടെ ചിന്തകളും കൃതികളും ആദരവോടെ ഓർക്കുന്നു. തന്റെ സിനിമയിൽ വർണ്ണിക്കുന്ന ഫാന്റസിയും സാങ്കൽപ്പിക കഥാപാത്രങ്ങളും തീർത്തും മാർകേസിയൻ സ്വാധീനത്തിൽ നിന്നും ഉടലെടുത്തവയാണെന്നു അദ്ദേഹം പറയുന്നു.

"എങ്ങനെ ജീവിച്ചു എന്നതല്ല, മരിച്ചു മറ്റുള്ളവർ ആ ജീവിതത്തെ ഓർത്തെടുത്തു എങ്ങനെ വിവരിക്കുന്നു എന്നതാണ് അതിന്റെ മൂല്യം..." മാർകേസ് *"Living to Tell the Tale"* എന്ന പുസ്തകത്തിൽ ഈ വരി എഴുതിയപ്പോൾ സ്വന്തം ജീവിതത്തെ ലോകം എങ്ങനെ വിലയിരുത്തും എന്നുകൂടി ഉദ്ദേശിച്ചിരുന്നോ? അതെന്തുതന്നെയായാലും, തർജ്ജമകളിലൂടെ അദ്ദേഹം മലയാളി മനസ്സിന് പ്രിയങ്കരനായി. മരണത്തിന്റെയും പ്രണയത്തിന്റെയും ചിരകാല കാമുകാ വിട, പ്രിയപ്പെട്ട ഗാബോ! ▲



*Aparna Krishnan is a freelance writer who loves writing in English and Malayalam. She recently moved to Singapore from Kerala and was previously teaching English as a college lecturer. A Masters in English literature by education, Aparna is a trained Carnatic singer, who also enjoys traveling and cooking.*



# ഹരി രായ *മഴ

## മുഹമ്മദ് ഹാജി സാലേ (മലേഷ്യ)

## മൊഴിമാറ്റം: എം കെ ഭാസി

ഹരിരായ ദിനമാണിന്നലിവുള്ള ദൈവത്തിൻ
സ്തുതി പാടി വീടാകെ മോടിയാക്കി

പുലരി തന്നാദ്യത്തെ കിരണങ്ങളെത്തവേ
തരളിത ചിത്തനായ് ഞാനിരുന്നു.

ഹരിരായ ദിനമാണിന്നതിഥികൾ, കൂട്ടുകാർ
അണയുന്ന ദിനമാണെന്നറിയുമല്ലോ .

അലയടിച്ചെത്തുന്നൊരാഹ്ലാദ വായ്പിനാൽ
അടിമുടി കോരിത്തരിപ്പൂ ഗ്രാമം.

നിറമുള്ള ബാജൂ** ക്കളണിയുന്ന കുഞ്ഞുങ്ങൾ
അവരാർത്തു തുള്ളിക്കളിച്ചിടുന്നു.

വർണ്ണങ്ങൾ തങ്ങളിൽ തങ്ങളിൽ മൽസരി-
ച്ചിവിടൊരു പൂക്കളമായിടുന്നു.

ഒരു കൊല്ലൻ, ആശാരി , കർഷകൻ, പൂജാരി
ഇവരല്ലാതില്ലെനിക്കിവിടെയാരും.

ഹരിരായ ദിനമാണിന്നവരേയും കാത്തു
ഞാ-
നിവിടെന്റെ വീട്ടുമുറ്റത്തു നിന്നു.

ഇരുൾ മൂടി, മാനത്തു മഴമേഘം നീങ്ങുന്നു
ഇതുവരെ, യവരാരുമെത്തിയില്ല.

കരിനീലക്കാറുകൾ മാഞ്ഞുവന്നെത്തുന്ന
തുടുകിരണങ്ങൾ ഞാൻ കാത്തു നിന്നു.

നിറമുള്ള കണ്ണാടിപ്പാത്രത്തിൽ ഞാൻ വച്ച
പലവർണ്ണപ്പൂവുകൾ മൂകരായി

മഴവെള്ളത്തുള്ളികൾ മുറ്റത്തു തലതല്ലി-
ത്തകരുന്ന കാഴ്ചയും നോക്കി നിന്നു.

അവരുടെ മുന്നിലാ, യെൻ മോഹ ഭംഗവും
തഴുകി ഞാനൊറ്റയ്ക്കു കാത്തു നിന്നു.

അതിഥികൾ, കൂട്ടുകാർ വന്നില്ല പിന്നെയും
മഴയാർത്തു പെയ്തു, കാറ്റലറിത്തുള്ളി.

ശുഭദിനമാശംസിച്ചവരിനിയൊരു ദിനം
വരുമെന്നറിയാമെനിക്കു പക്ഷേ

ഹരിരായ ദിനമാണിന്നകതാരിൽ വർണ്ണപ്പൂ -
ത്തിരി കത്തിപ്പടരാതെ ഞാനിരിപ്പൂ.

* ഹരിരായ = പെരുന്നാൾ
** ബാജൂ = ഉടുപ്പ്

Muhammad Haji Salleh born 1942 in Taiping, Perak is one of Malaysia"s leading poets. He studied at the Universities of Singapore, Malaya and Michigan where he obtained a Ph. D. in Comparative Literature in 1973. He is currently professor of Literature at the Science University of Malaysia. In 1991 he was awarded the Malaysian National Literary Award and also received the ASEAN Literary Award (1977), S.E.A. Write Award (1997) and MASTERA Award (2002).

He published more than 10 collections of poetry, such as Time and its People (1978), Beyond the Archipelago (1994), Rowing Down Two Rivers (2000) etc.

# കാത്തിരിക്കാൻ ഒരോണം ....

## വെണ്മണി ബിമൽരാജ്

പിന്നെയും വരുമൊരു നിമിത്തവും മുടക്കാതെ എൻ
ജീവിത വഴിയിലോണം ഒന്നും കടം കൊള്ളാൻ നിൽക്കാതെ
എൻ നാൾ വഴിയിൽ പൂവിളി പ്രതീക്ഷയുമായ്
വന്നു പത്തു നാൾ കണ്ടു പോകെ കാത്തിരിക്കും ഞാൻ

എണ്ണി ഞാൻ കാലച്ചക്രത്തീരാ സ്മൃതികളിൽ
ഓരോ ഓണവുമെൻ ആശകളിൽ ചിരിപ്പൂ ,
അടുത്ത ഒരോണം കൂടി കൂടുവാനാകട്ടെ വിധിപോൽ
മോഹ പൂക്കളമൊരു ചാരു ചിത്രം പോലെ സുഗന്ധമൂറട്ടെ.

എത്ര ഓണമെനിക്ക് വേണം എന്ന് ചിന്തിച്ചിട്ടില്ല ഞാൻ
എത്ര ഓണം കൂടുതൽ അത്ര തന്നെയെൻ കൊതിയും.
ഇത്ര കാലവും ഞാൻ ജീവിച്ചതീ ചൂട് മുറുക്കിയ ഓണമുണ്ടും
ഒരു നൂറിൻ നിറവിലോരോണം ഉണ്ണാൻ കൊതിയോടെ ജീവിതം.

ഋതു മാറി ഓരോ ചുവടും ഇടനെഞ്ചിൻ തുടിപ്പുപോൽ ഓണം
അടുത്തോണം കാത്തിരിന്നു ഒരു വർഷമെൻ കാലത്തിനു കൂട്ടുപോയി
ആരു കാണമടുത്ത ഓണമുണ്ണാനെന്നാരോ ചോദിപ്പൂ നിരാശയോടെ
പ്രതീക്ഷയെൻ കണ്ണിൽ കൊതിയൂറുന്നു അടുത്ത ഓണത്തിനു ചേരാം

ഓണം ഓരോമ്മപോൽ തെളിയുന്ന വെളിച്ചമായ് പ്രതീക്ഷയായ്
ഇനിയും വരുന്ന മോഹത്തിൻ നല്ല നന്മതൻ മറുവശം
കാത്തിരിക്കാൻ കാരണമായ ഒരു വലിയ സത്യം പോലെ ഓണം
വിശ്വാസത്തിൻ നീലമുള്ള നനുത്ത നെഞ്ചിലെ
വികാരമായ് കാത്തിരിക്കാൻ ഓണം ..........................



ബിമൽ രാജ് ആലപ്പുഴ,ചെങ്ങന്നൂർ, വെണ്മണി സ്വദേശിയാണ്. എ എസ് എൽ എന്ന സ്ഥാപനത്തിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ ആണ്. ദേവ മേഘങ്ങൾ എന്ന കവിതാ സമാഹാരം സിങ്കപ്പൂരിൽ നിന്നും പ്രസിദ്ധീകരിച്ചു. സിംഗപ്പൂർ മലയാളി പത്രം പ്രവാസി എക്സ്പ്രസ്സ് എഡിറ്റോറിയൽ അംഗമാണ്. മൈൻഡ് ആൻഡ് തോട്സ് പെയിന്റിംഗ് സീരീസ്, ചിത്ര പ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. നിരവധി ആനുകാലികങ്ങളിൽ കഥകൾ, കവിതകൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# My walk in the "Cultural Park" through community service

*Sarojini Chandran*

*A record of her conversation with her son, Muralee Nair*

I was a teenager when my family emigrated to Singapore from our village in Kerala called *Triprangode*, in 1952. There were three of us - myself, sister Sarada and brother Mukundan - together with my parents, the late Kallur Sankuni Nair and Vatakeppat Devakiamma. My two other brothers, Ramakrishnan and Parameswaran, were left back at Kozhikode to continue their basic education in India.

In Singapore, I went on to qualify as a nurse. I was a working woman (a rarity in those days) and married with two children. Despite all my experiences and achievements, there was still a void to satisfy - it was the Malayalee in me, the Malayaleeness that defined me as an individual and as a member of a wider community. In 1965, I quenched this thirst by joining the Singapore Malayalee Hindu Samajam (SMHS) and later, Singapore Kerala Association (SKA). I have not looked back since then.

All Malayalee associations in Singapore hold dear to me. While some people may argue that we should perhaps reflect greater cohesiveness and amalgamate into one large organization, I would say that there is in fact a charm about having many Malayalee clubs and associations because they each serve different purposes and cater to our diverse needs. In one sense, I am qualified to assert this claim because I have actively worked with most Malayalee associations in Singapore, as ordinary member as well as office bearer. I was Vic President, Cultural secretary and Welfare Secretary of SKA and Chairperson of its Women"s Wing.. I was also President of the Singapore Naval Base Kerala Library. I was actively involved with the Singapore Kairalee Kalanilayam"s annual Drama Competition and won the "Best Drama" for 3 consecutive years. In sum, I"ve had a long and meaningful walk in the "Cultural Park" through community service.

There are many benefits that come with community service. From the notes written in my diary, the most significant was the fund-raising efforts that the SKA Women"s Wing under my chairpersonship undertook in 2006. We raised $25,000 for the association"s building renovation fund. The other was my debut effort as the Chair person of the *Directory of Singapore Malayalees*. Published and inaugurated in 2004, it was no mean effort. A small group of volunteers, mainly from the SKA Women"s Wing, helped me to see the project through. None of us were from the publishing or media industry, and there were no user-friendly software to design the publication. It just came down to grit and determination.

In my long association with SKA, it was always the cultural shows and drama that fired me up the most. I remember with great fondness the shows we staged in the now non-existent National Theatre. I remember driving all the dancers for rehearsals and finally donning their costumes and make up on the show night. I remember dragging my children and grandchildren, friends" children and later on, young Malayalees from Kerala who had come to work in Singapore, to participate in all these events. As I recall, everyone enjoyed the process and the shows we staged. On my part, I compiled

a collection of my one-act Malayalam plays for publication. After going through the rigour of converting these handwritten plays for stage to the print form, it was published in Trivandrum in 1996 under the title of my favourite play *Muthashi Singapporil.* I was pleasantly surprised when the doyen of Malayalam films, Madhu, and well known Malayalam scholar, Gluten Nair, inaugurated the book. In his address, Madhu said that he was impressed that a Malayalee living abroad had made the effort to preserve Malayalee norms and culture using Singapore as the backdrop.

One of the challenges for Malayalees living in Singapore is the need to preserve our uniqueness in a multi-racial society that is fast integrating and blending in many ways. We have to deal with this challenge in a neutral way as these changes in themselves are neither good nor bad, only what we make of them. On my part, I made sure that much of the history of Malayalees in Singapore that was chronicled in documents, reports, publications and newspaper cuttings were collected from various sources, archived and handed over to the National Heritage Board (NHB) for posterity. Hopefully this effort will be continued by current and future members of SKA {now known as SMA}. This will ensure that a body of information about Singapore Malayalees is available in the archives of the NHB.

From the padi fields of Triprangode, well known for its famous Sivan Temple, to the ever-changing skyline of Singapore, I have now taken one more step south to Perth where my children have settled down. There, too, I am joined by my lifelong friends from the SKA Women"s Wing, from time to time. In my family, my younger brother says, Perth is "Appurathe Veedu" and my children claim, that, for me, Mahabali"s third step landed in Perth. Whatever the case, the flowers are brightest and prettiest when I walk in the Cultural Park through Malayalee community activities, wherever I am. ▲

Sarojini Chandran is a veteran member of the Singapore Malayalee Association. She has contributed immensely to SMA in various roles as the Vice President (for over 15 years), Cultural Secretary as well as Welfare Secretary. She is also associated with other Malayalee organizations of Singapore, Hindu Samajam, Kerala Library and Kairali Kalanilayam. She is also passionately interested in drama and performing arts of Kerala.



# ഹരിഹരന്റെ കണക്കുപുസ്തകം

## അഷ്ടമൂർത്തി

തനിയ്ക്കോർമ്മയുണ്ടോ ഹരിഹരനെ? ബോംബെയിൽനിന്ന് വേണു വിളിച്ചുചോദിച്ചു.

ഓർമ്മയുണ്ടോ എന്നോ, ഞാൻ തിരിച്ചു ചോദിച്ചു. നമ്മുടെ നാടകങ്ങളിലൊക്കെ അഭിനയിയ്ക്കാറുള്ള ഹരിയല്ലേ? സഹൃദയ ഫിലിം സൊസൈറ്റിയുടെ ഖജാൻജി, തന്റെ സഹപ്രവർത്തകൻ?

ആൾ അതു തന്നെ, വേണു തുടർന്നു. അയാൾക്ക് തന്റെ ഒരു സഹായം വേണം. അയാളുടെ നേതൃത്വത്തിൽ നൂറോളം പേർ ശബരിമലയ്ക്കു പുറപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ വരെ തീവണ്ടിയിൽ. അവിടെ നിന്ന് ഒരു ബസ്സ് ബുക്ക് ചെയ്യണം. യാത്രക്കാരിൽ ഭൂരിഭാഗവും എഴുപതിനു മേൽ പ്രായമുള്ളവരാണ്. അതുകൊണ്ട് ബസ്സ് കുറച്ചു നല്ലതായിക്കോട്ടെ. പണത്തിന് ഒട്ടും ബുദ്ധിമുട്ടുള്ളവരല്ല ആരും. ഏതായാലും ഇക്കാര്യത്തിന് ഹരി തനിയ്ക്ക് നേരിട്ടെഴുതും.

അധികം വൈകാതെ ഹരിഹരന്റെ കത്തു വന്നു. സ്വയം ഓർമ്മപ്പെടുത്തിക്കൊണ്ടുള്ള തുടക്കം. പിന്നെ കാര്യങ്ങൾ വിശദമായി എഴുതിയിരിയ്ക്കുന്നു. ജനുവരി നാലിന് ജയന്തി ജനതയിൽ തൃശ്ശൂര് എത്തുന്നു. നൂറില്ല, അറുപതു പേരേ കാണൂ. വലിയ രണ്ടു ബസ്സു വേണം. സൗകര്യമായി യാത്ര ചെയ്യണം.

ജനുവരി നാലിന് പി എ ട്രാവൽസിൽ രണ്ടു ബസ്സുകൾ ബുക്ക് ചെയ്തു. വിവരത്തിന് ഹരിഹരന് എഴുതുകയും ചെയ്തു. ജനുവരി നാലിന് ഇനി നാൽപതു ദിവസം കൂടിയുണ്ട്. ടിക്കറ്റ് ഭദ്രമായി സൂക്ഷിച്ചുവെച്ചു.

രണ്ടാഴ്ച കഴിഞ്ഞിട്ടുണ്ടാവണം. ഓഫീസിനു മുമ്പിൽ ഒരു ഓട്ടോറിക്ഷ വന്നുനിന്നു. ഹരിഹരനായിരുന്നു അതിൽ. അയാൾ തിരക്കിട്ട് എന്റെ അടുത്തേയ്ക്കു വന്നു. ബുക്കിങ്ങിനു വന്ന സംഖ്യ എടുത്തുതന്നു. ഇതിനു വേണ്ടി എന്തെങ്കിലും ചെലവായിട്ടുണ്ടെങ്കിൽ പറയണമെന്നു പറഞ്ഞു. നിങ്ങൾക്ക് അമ്പതുറുപ്പിക ചെലവായിട്ടുണ്ടെങ്കിൽ ഞങ്ങൾക്കത് ഒരുറുപ്പികയേ ആവൂ എന്ന് ഓർമ്മിപ്പിച്ചു. ടിക്കറ്റ് തിരിച്ചും മറിച്ചും നോക്കി ശരിയെന്ന് ഉറപ്പുവരുത്തി തിരിച്ചുതന്നു. ജനുവരി നാലിന് ഞങ്ങൾ തൃശ്ശൂരിൽ വന്നിറങ്ങുമ്പോൾ താനുണ്ടാവണം എന്നു പറഞ്ഞു. ആറരയ്ക്കുള്ള മെയിലിൽ മദിരാശിയ്ക്ക് പോവുകയാണെന്നും അവിടെനിന്ന് അമ്മയെ കൂട്ടി ബോംബേയ്ക്കു പോണമെന്നും പറഞ്ഞ് തന്നെ കാത്തുനിൽക്കുന്ന ഓട്ടോറിക്ഷയിൽ ചാടിക്കയറി അയാൾ കുതിച്ചുമറഞ്ഞപ്പോൾ എല്ലാം കണക്കുകൂട്ടിയപോലെ നടന്നു എന്ന സംതൃപ്തി അയാളുടെ മുഖത്ത് ഓളം വെട്ടുന്നുണ്ടായിരുന്നു.

ഹരിഹരൻ അങ്ങനെയായിരുന്നു. നാടകത്തിന്റെ റിഹേഴ്സലിനു വരുന്ന കാര്യത്തിൽ അയാൾ മറ്റാരേക്കാളും നിഷ്ഠയുള്ള ആളായിരുന്നു. കൃത്യസമയത്തുള്ള വരവ്, സംഭാഷണങ്ങൾ കാണാപ്പാഠം പഠിയ്ക്കാനുള്ള ഉത്സാഹം, അച്ചടക്കം.

ജോലികൊണ്ട് ശാസ്ത്രജ്ഞനാണെങ്കിലും അയാൾ ജന്മനാ ഒരു കണ ക്കെഴുത്തുകാരനാണെന്നു തോന്നിയിട്ടുണ്ട്. അളന്നുമുറിച്ചതുപോലെയുള്ള ദിനചര്യ. ഏൽപിച്ച എല്ലാ കാര്യത്തിനും കൃത്യമായ കണക്കുകൾ. ആകെ കുഴഞ്ഞുമറിഞ്ഞു കിടന്ന ഫിലിം സൊസൈറ്റിയുടെ കണക്കുകൾ അടുക്കിവെച്ച് രൂപമുണ്ടാക്കിയതും അയാളാണ്. ഏറ്റെടുക്കുന്ന എല്ലാ കാര്യത്തിലും അങ്ങേയറ്റത്തെ പെർഫെക്ഷനിസ്റ്റ്. വന്ദ്യവയോധികർ ഹരിഹരനെത്തന്നെ സംഘനേതാവായി തിരഞ്ഞെടുത്തതിൽ

അത്ഭുതമില്ല. പിന്നെ അവർക്കൊന്നും അന്വേഷിയ്ക്കേണ്ടതില്ല. എല്ലാ സൂക്ഷ്മാംശങ്ങളിലും ഹരിഹരന്റെ ശ്രദ്ധ ചെന്നെത്തും.

ജനുവരി നാലിന് ഇനിയും ഒരു മാസം തികച്ചുണ്ട്. ഹരിഹരനേയും ശബരിമലയേയും തീർത്ഥാടകരേയും ഞാനേറെക്കുറെ മറന്നുപോയിരുന്നു. ഒരുച്ചനേരത്ത് ഓഫീസിലേയ്ക്ക് എന്നെ തേടി ഒരു ഫോണ് വന്നു. തൃശ്ശൂരിലെ ഏതോ ഒരു കടയിൽനിന്നാണ്. വിളിച്ച ആൾ വേറെ ആൾക്കു കൊടുക്കാമെന്നു പറഞ്ഞു. തമിഴും മലയാളവും കൂട്ടിക്കലർത്തിപ്പറയുന്ന ഒരാളാണ് പിന്നെ സംസാരിച്ചത്. സാരം ഇങ്ങനെ: ഞങ്ങൾ ജനുവരി നാലിന് ശബരിമലയ്ക്കു പോവാനുള്ള സംഘത്തിൽപ്പെട്ടവരാണ്. നിങ്ങളെ ഒന്നു കാണണമെന്നുണ്ട്. സൗകര്യപ്പെടുമോ?

എത്തിച്ചേരാനുള്ള വഴി പറഞ്ഞുകൊടുത്ത് പതിനഞ്ചു മിനിട്ടിനുള്ളിൽ രണ്ടു വയസ്സന്മാർ ഓഫീസിലെത്തിച്ചേർന്നു. അവർക്ക് ടിക്കറ്റു കാണണം. പറ്റുമെങ്കിൽ ശട്ടംകെട്ടിയ ബസ്സും ഒന്നു കാണണം.

എനിയ്ക്ക് അതിഷ്ടമായില്ല. അതു മറച്ചുവെച്ചുകൊണ്ട് ഇതൊക്കെ ഞാൻ ഹരിഹരനു പറഞ്ഞുകൊടുത്തതാണല്ലോ എന്ന് ഞാൻ അവരോടു പറഞ്ഞു. ഹരിഹരൻ ഇതൊന്നും നിങ്ങളോടു പറഞ്ഞില്ലേ എന്നും.

അതിന് ഹരിഹരൻ അതിനൊന്നും നിന്നില്ലല്ലോ എന്ന് വയസ്സന്മാർ. പിടി കിട്ടാതെ അമ്പരന്ന എന്നോട് അപ്പോൾ സാറിതൊന്നും അറിഞ്ഞില്ലേ എന്ന് അവർ.

ഹരിഹരൻ ഇവിടെനിന്നു പോയത് മദിരാശിയ്ക്കല്ലേ. അവിടെനിന്ന് അമ്മയേയും കൂട്ടി ബോംബെ മെയിൽ പിടിയ്ക്കാൻ ഓട്ടോറിക്ഷയിൽ സെൻട്രൽ സ്റ്റേഷനിലേയ്ക്കു പോവുകയായിരുന്നു. ട്രാഫിക് ജാമിൽ പെട്ടു. ഹരിഹരൻ അക്ഷമനായിരുന്നു. മുമ്പിലത്തെ വാഹനത്തെ ഓവർടേയ്ക്ക് ചെയ്യുന്നതിനിടയിൽ തല പുറത്തേയ്ക്കിട്ട് പിന്നിലേയ്ക്കു നോക്കി. ഇടത്തുനിന്നു വന്ന കാറ് ഹരിഹരന്റെ തലയെടുത്തുകൊണ്ടുപോയി സാർ!

മിഴിച്ചിരുന്ന എന്നെ കണ്ട് വയസ്സന്മാർക്ക് വിഷമമായി. ഞങ്ങൾ പോട്ടെ, ടിക്കറ്റ് തരണം എന്ന് അവർ പറഞ്ഞു. ഞാൻ ടിക്കറ്റ് കൊടുത്തില്ല. ഹരിഹരനോടു കൊടുത്ത വാക്ക്



എനിയ്ക്കു പാലിയ്ക്കേണ്ടതുണ്ട്. ജനുവരി നാലിന് നിങ്ങൾ വണ്ടിയിറങ്ങുമ്പോൾ ടിക്കറ്റുമായി ഞാൻ സ്റ്റേഷനിലെത്താം എന്ന് വാക്കു കൊടുത്തു.

ജയന്തി ജനത എത്തുന്നതിനു മുമ്പു തന്നെ ഞാൻ സ്റ്റേഷനിലെത്തിയിരുന്നു. അതിനുമുമ്പേ അവർക്കു പോവേണ്ട ബസ്സുകൾ തയ്യാറാണെന്ന് ഉറപ്പുവരുത്തിയിരുന്നു. തീർത്ഥാടകർ ഓരോരുത്തരായി ഇറങ്ങി. അധികവും എഴുപതിനു മേൽ പ്രായമുള്ളവർ. എന്നെ കാണാൻവന്ന വയസ്സന്മാരിലൊരാൾ കൂട്ടത്തിൽ ചെറുപ്പക്കാരനായ ഒരാളെ പരിചയപ്പെടുത്തി. അയാളാണ് സംഘനേതാവ്.

ഹരിഹരന്റെ മരണത്തിന്റെ നടുക്കത്തിൽനിന്ന് അവരാരും വിട്ടിരുന്നില്ല. പ്രാഥമികകർമ്മങ്ങൾ കഴിഞ്ഞ് ഓരോരുത്തരായി തയ്യാറായപ്പോഴേയ്ക്കും നേരം വെളുക്കാൻ തുടങ്ങിയിരുന്നു. ബസ്സു കയറുന്നതിനുമുമ്പ് എല്ലാവരും ഹരിഹരനെ ഓർമ്മിച്ച് കുറച്ചുനേരം നിന്നു.

ഹരി മരിച്ചതുകൊണ്ട് യാത്രയ്ക്ക് ഒരു തടസ്സവും ഉണ്ടായില്ല, ചെറുപ്പക്കാരൻ പറഞ്ഞു. കേരളത്തിലേയ്ക്കു പോരുന്നതിനുമുമ്പ് തന്റെ ഡയറിയടക്കം എല്ലാം ഹരി ഭാര്യയെ ഏൽപ്പിച്ചിരുന്നു. നിങ്ങളുടെ വിലാസവും ഫോണ് നമ്പറും അതിൽനിന്നാണ്

കിട്ടിയത്. താൻ മരിയ്ക്കാൻ
പോവുകയാണെന്ന്
ഹരി അറിഞ്ഞിരുന്നുവോ
ആവോ! ഓഫീസിലെ എല്ലാ പണികളും
തീർത്തുവെച്ചിരുന്നു.

ഹരിഹരൻ അതും കണക്ക
കൂട്ടിയിരുന്നുവെന്നോ! ഞാനതു
വിശ്വസിച്ചില്ല. എന്നാൽ
അമ്മയേയും കൂട്ടി ബോംബെയ്ക്കു
പുറപ്പെട്ടതെന്താണ്? ജനുവരി
നാലിന് കാണാം എന്ന് എന്നോടു
പറഞ്ഞതെന്താണ്? കണക്കുകൂട്ടലുകളിൽ
ഒടുവിൽ ഒരു പിഴവ് ഹരിഹരനും
പറ്റിയെന്നതല്ലേ നേര്?

ജീവിതത്തിന്റെ കാവ്യപുസ്തകത്തിൽ
കണക്കെഴുതാൻ ഏടുകളില്ലെന്നും എന്നിട്ടും
അതിൽ കണക്കെഴുതിപ്പിടിപ്പിയ്ക്കുന്നവരു
ടെ കൂട്ടലും കിഴിയ്ക്കലും പിഴയ്ക്കുന്നു എന്നും പി.
ഭാസ്കരൻ എഴുതിയ ഒരു സിനിമാപ്പാട്ടിൽ
പറയുന്നത് എനിയ്ക്കോർമ്മ വന്നു. തീർത്ഥാടകർ
കയറിയ ബസ്സ് മെല്ലെ നീങ്ങിത്തുടങ്ങിയപ്പോൾ
ഞാനിങ്ങനെ ആശ്വസിച്ചു:

അല്ലെങ്കിലും വലിയ കണക്കുപുസ്തകങ്ങൾ
സൂക്ഷിയ്ക്കുന്നത് ഭൂമിയിലെ പാവം മനുഷ്യരല്ലല്ലോ.

▲



അഷ്ടമൂർത്തി
കേരള വർമ കോളേജിലെ വിദ്യാഭ്യാസാനന്തരം ബോംബേയിൽ ജോലി ചെയ്തു. ഇപ്പോൾ തൃശ്ശൂരിലെ എസ് എൻ എ ഔഷധശാലയിൽ ജോലി ചെയ്യുന്നു. കുങ്കുമം അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ.

# പ്രതീക്ഷ

## ഡി. സുധീരൻ



നീലനിശാഗന്ധി പൂക്കുന്നേരം
മാദകയാമമുണരുന്നേരം,
കുസുമശരങ്ങൾ പൊഴിയുന്നേരം,
രതിമന്മഥരായ് ലഹരിയിലലിയാൻ
പോരൂ സഖി നീ വീണ്ടും വേഗം.

വാനിൽപ്പൂക്കൾ വിരിയുന്നേരം
മോഹരാഗ വിധുവാകൂ നീ,
ആമ്പൽപ്പൂക്കൾ വിരിയുന്നേരം
സോമരാഗ മധുവാകൂ നീ,
ആടിപ്പാടിപ്പോകാനായി
വരൂ വരൂ നീയെൻ സഖിയായി.

ഭാസുരരശ്മികൾ വീഴുന്നേരം
സാമരാഗ ശ്രുതിയാകൂ നീ,
പൂവുകൾ താളമിടുന്നേരം
ഹോമവേദ ജപമാകൂ നീ,
ഈശ്വരസൂക്തം പാടിപ്പോകാൻ
വരൂ വരൂ നീയെൻ സഖിയായി.

സുധീരൻ തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ വക്കം / കടക്കാവൂരിൽ ജനിച്ചു. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ നിന്നു ബിരുദവും ബ്രിട്ടനിലെ ഹൾ യൂണിവേർസിറ്റിയിൽ നിന്നു എം.ബി.എ. യും നേടി.സിംഗപ്പൂരിലെ പാനാസോണിക് കമ്പനിയിൽ ഏറെക്കാലം ജോലി ചെയ്തു ശേഷം വിരമിച്ചു. ഭാര്യ സുധ, വിവാഹിതയായ മകൾ ശാലീന, ഇവരോടൊപ്പം സിംഗപ്പൂരിൽ വിശ്രമ ജീവിതം നയിക്കുന്നു. കവിത, ഗാനം, സംഗീതം, നാടകം ഇവയിൽ അഭിരുചിയുണ്ട്.



# Malayalam, Our Mother-Tongue!

*Jayadev Unnithan (Chairman of MLES)*

Wishing all a Happy and Prosperous Onam!

Congratulations to SMA for connecting Malayalees in Singapore all through the years and for documenting that connection in this wonderful Onopaharam publication.

I thank the Editor and publication team for inviting me to pen a few words on the promotion of Malayalam Language in Singapore.

The Malayalam Language Education Society, Singapore (MLES) continues to promote the teaching and learning of Malayalam in Singapore. In 2014 we have more than 100 students studying Malayalam at pre-primary and primary levels at various centres. Zhonghua Primary School is our main centre where we conduct Malayalam classes on Saturdays from 2 to 6 pm. We have satellite centres at Community Clubs located at Chong Pang, Woodlands, Tampines East and Woodlands Galaxy CC where Malayalam is taught at pre-primary level.

We continue to engage the Singapore Ministry of Education (MOE) in obtaining mother-tongue in lieu (MTIL) status for Malayalam language so that our children can learn their mother-tongue as part of their school curriculum in Singapore schools. We have been informed that Cambridge International Examinations Board (CIE), which conducts examinations for the other MTIL languages, namely Bengali, Gujaratai, Hindi, Punjabi and Urdu, do not have the expertise in the United Kingdom to conduct examinations in Malayalam. We are working with MOE to address this gap highlighted by CIE.

On this note, we would like to urge readers to do their part by letting us know of potential candidates settled in the United Kingdom who could assist in setting and marking Malayalam examinations. The basic pre-requisites are that the candidates have taught or are teaching Malayalam at Post-Secondary or higher levels, have conducted examinations in Malayalam and are currently residing in the UK. Please email the contact details of potential candidates to mlessingapore@gmail.com. We will then furnish the contact details to CIE through MOE.

for our cause. Initially it felt like we were fighting a losing battle, as no one seemed to believe in our cause. Together, we battled lethargy and self-doubt by soldiering long hours into the night for our cause.

The turning point came when StarHub extended its Sparklers' Initiative to us, giving us a dollar for dollar match up to $10, 000. Soon after, we put together a team of very good friends to help us with our campaign. By the time we embarked on our expedition, we had raised $50, 000 for the Society for the Physically Disabled.

The challenges of our trek followed the success of our campaign. Dealing with the effects of high altitude above 15 000 feet, where there is only 42% of oxygen at sea level, was completely new to us. We fell prey to constant headaches and our oxygen-starved brains seemed to function slower when we planned our navigation routes.

Teamwork between us was essential, especially in life or death situations. During the descent, we got lost in a Himalayan forest at 10 000 feet. Drenched from the heavy monsoon rain, we raced against time to find the right route before sunset. If we did not get to the next checkpoint in time, our wet bodies would not be able to stand the bitter cold and we risked dying of hypothermia. This experience is the best lesson I've had on the value of time.

Completing 220km by foot not only tested our physical limits but also the strength of our friendship and the commitment to our cause. We had to constantly remind each other our purpose of being in the Himalayas and keep each other motivated. Letting each other drink the last bit of water or offering a portion of one's energy bar to the other were small actions that translated to huge morale boosters.

In a nutshell, this campaign and the mountains have taught me valuable lessons that the walls of a classroom could have never offered me. I am grateful to have embarked on such a meaningful journey. ▲



Ashik: Aged 23 and currently studying in NUS pursuing a degree in Communications and New Media, Ashik is an avid traveller who loves to explore places less travelled.



# മരണത്തിന്റെ താളവും ഗന്ധവും

പി കെ

പണ്ടൊക്കെ മരണത്തിനൊറ്റ താളമേയുള്ളൂ
ഗന്ധമോ, വിഴിയുന്ന രക്തത്തിൻ ഗന്ധം മാത്രം
അന്നൊക്കെ മനുഷ്യനും മൃഗങ്ങളും കൊല്ലുന്നതെന്തിനോ
ഒരുനേരം പശിയടക്കുവാൻമാത്രം
ഇപ്പോഴും മൃഗതൃഷ്ണയ്ക്കൊരു ഭേദമേയില്ല
സംഹാരം സഹവർത്തിത്വത്തിന്റെ സാരം
യുഗവൃദ്ധികൾ മൃതിക്കൊരായിരം ഗന്ധം നൽകി
ക്ഷിപ്രതാളം നൽകി ഉത്കൃഷ്ടമാനുഷർ
ലോഹങ്ങൾവന്നു, ലോകയുദ്ധങ്ങൾ വന്നു
ഗന്ധകം വന്നു. മൃത്യു ഗർവ്വിതം കൊണ്ടു.
ഐൻസ്റ്റീനും ന്യൂട്ടനും വന്നു. ആണവ പ്രഹരം വന്നു
ഇന്ദ്രജാലങ്ങൾ ഭൂവിൽ വെന്തെരിഞ്ഞടങ്ങുന്നു
ത്വരിതമാം താളത്തിൽ മൃത്യു വന്നടുക്കുന്നു
വ്യത്യസ്ത ഗന്ധങ്ങൾ ചുറ്റിലും പരക്കുന്നു
മത തീവ്രവാദത്തിന്റെ , സ്ത്രീ പീഡനത്തിന്റെ
മോഷണത്തിന്റെ, പിന്നെ രാഷ്ട്രീയ ധാർഷ്ട്യത്തിന്റെ
സിറിയയിൽ, ലബനോനിൽ, ഡൽഹിയിൽ, മലേഷ്യ യിൽ
ഇരുണ്ട ഭൂഖണ്ഡത്തിന്റെ വിദൂര തലങ്ങളിൽ
വീണ്ടുമിന്നലയുന്ന ദിഗ്മണ്ഡലത്തിന്റെ നൂതന ദിശകളിൽ, മൃത്യു
തീക്ഷ്ണ ഗന്ധം തീർത്തു, സംഹാര താളം തുള്ളി.

# Kaarunyam 2014



# Onam Nite 2013





































ONAM NIT















star vision
media works
Wishing you a very
happy and prosperous
Onam
watch...
SINGAPORE
CHOICE
on sundays at 8.30 am
Asiane
For Advertising Enquiries in Singapore
Contact: info@starvisionmediaworks.com, Ph: 94577469

# Badminton


















# Bowling









HAMILTON
PRESCHOOL
PLAY • LEARN • CREATE
Nurturing the Smart Generation
OPENING SOON
at Sengkang
& Sembawang
PG Playgroup (18 months - 2.5 years)
N1 Nursery 1 (2.5 - 3.5 years)
N2 Nursery 2 (3.5 - 4.5 years)
K1 Kindergarten 1 (4.5 - 5.5 years)
K2 Kindergarten 2 (5.5 - 6.5 years)
CALL +65 6220 820
A member of the Modern Montessori International family
(Hamilton @ Sengkang) 60, Sengkang East Way, Singapore 168794
(Hamilton @ Sembawang) Blk 463B Sembawang Drive #01-385, River Lodge, Singapore 752463
enquiry@hamiltonpreschool.com.sg | www.hamiltonpreschool.com.sg

# Indian New Year Celebrations by LISHA









# Soccer

















Artist: Shreekant.P






# Chest Pain From Costochondritis

*Dr VP Nair*



PBM, MBBS, MRCP (UK), MRCP (Ireland), MRCGP (UK) FAMS (cardiology-Singapore)
FRCP (Edinburgh), FRCGP (UK), FRCP (Ireland), FRCP (London) FCCP (USA),
FESC (Europe), FACC (USA)
Senior Consultant Cardiologist , Nair Cardiac Medical Specialist Centre
Mount Elizabeth Hospital Orchard #16-08, (16th Floor), Singapore
Mount Elizabeth Hospital Novena #07-35, (7th Floor), Singapore
dr.vp.nair@heartmatters.com.sg

**Introduction**: Costochondritis is a painful condition of the chest wall. It is caused by inflammation in the joints between the ribs and the cartilages that join the ribs to the sternum (breastbone). The pain caused by Costochondritis is often mistaken by patients as a heart attack, sometimes leading them straight to the emergency room. The good news is that this condition is harmless and temporary.

**The Rib Cage**: To understand costochondritis, knowledge of the anatomy of the rib cage is important. The rib cage is a bony structure that protects the lungs and heart. Bones are hard and solid, and they do not easily bend or move. However, our lungs need to move, to facilitate breathing. During breathing, our rib cage expands and contracts, the ribs moves and the Cartilage facilitates this. Cartilage is a softer, flexible (but very strong) material found in joints around the body.

**Cartilage** attaches the ribs to the sternum and the sternum to the clavicles (collar bones). The joints between the ribs and the cartilages are called the costo-chondral joints. Joints between the cartilages and the breastbone are called costo-sternal joints and those between the sternum and the clavicles are called the costo-clavicular joints. "Costo" means ribs, "Chondr" means cartilage and "itis" means inflammation. In costochondritis, there is inflammation in either the costo-chondral, costo-sternal or costo-clavicular joints (or a combination). This causes pain and tenderness that tends to be worse with movement and pressure. The most common sites of pain are close to the sternum, at the level of the 4th, 5th and 6th ribs.

**Tietze's syndrome** is similar to costochondritis. Tietze's syndrome is a different condition. It causes similar symptoms. It is due to inflammation, but tends to cause swelling at the costo-chondral, costo-sternal or costo-clavicular joints.

**Bornholm disease** is another similar condition. It is caused by a viral illness and leads to muscle aches and pains, as well as chest pain. Coxsackie B virus is the usual cause (although echovirus and Coxsackie A virus can be responsible).

**Fibromyalgia** is a chronic condition that causes widespread body pains and fatigue. People with fibromyalgia tend to develop costochondritis more often than others.

### Chest Pain

There are many causes of chest pain such as heart disease, lung disease or esophagitis. Any new, severe or persisting chest pain should be taken seriously. If the pain is severe, especially if it is radiating to your arms or jaw, you feel sick, sweaty or breathless, you should contact your doctor preferably your cardiologist.

### What causes costochondritis?

Costochondritis is often idiopathic meaning "of unknown cause'. Sometimes costochondritis can follow repeated minor chest injury or activities that one

is unused to - such as decorating or moving furniture or carrying a heavy bag or even lifting a heavy child. Though there is no definite cause, the most common cause is repeated trauma to the chest wall, which results in chest cartilage pain. Costochondritis is also a common source for respiratory infections, such as bronchitis, which causes consistent coughing. Other causes, though rare, include bacterial infections in the cartilage, fungal infections, arthritis and fibromyalgia.

It does tend to affect younger people, especially teenagers and young adults. It can affect children. People performing repetitive movements that strain the chest wall, particularly if they are not used to it, might be more at risk.

**Prevalence**

Women and people over age 40 are at greater risk for costochondritis. It often resolves on its own. Studies have estimated that between 1 in 10 people with chest pain have a musculoskeletal cause.

**Symptoms**

Costochondritis causes chest pain, felt at the front of the chest. Typically, it is sharp and stabbing in nature and can be quite severe. The pain is worse with movement, exertion and deep breathing. Pressure over the affected area also causes sharp pain. The pain is usually localised (confined) to a small area but it can radiate (spread) to a wider area. The pain tends to wax and wane, and can settle with a change of position and quiet, shallow breathing. When tenderness occurs from pushing on the rib joints, costochondritis may likely be the diagnosis. If after exercising or a minor trauma, you have chest pain, you may be experiencing symptoms of costochondritis. Pain is sharp in the chest and may spread to the back. It may increase as you move or take a deep breath. If the diagnosis is due to an infection, you may see increased swelling and redness around the infected area. Chest pain due to heart disease has to be considered always

**Diagnosis**

No investigations are needed to confirm costochondritis. However, investigations may be performed to rule out other causes of chest pain if the cause of the pain is unclear. At times tests such as a chest X-ray may be performed, as well as heart-related tests, such as ECG, echocardiogram or even a cardiac catheterisation depending on the severity of the pain and the symptoms reported. Your doctor will push on the tender area to reproduce the chest cartilage pain in order to give a proper diagnosis.

**Treatment for costochondritis**

The treatments for costochondritis are analgesics (painkillers) and anti-inflammatory medications. Often simple analgesics such as paracetamol or codeine may be needed.

Non-steroidal anti-inflammatory drugs (NSAID) such as brufen, Celebrex or arcoxia are often effective. NSAIDs should not be taken on an empty stomach; neither should they be used by people taking anticoagulant medication (such as warfarin). If you have a history of a stomach ulcer, or suffer regular indigestion or acid reflux, you should avoid NSAIDs. If you develop abdominal pains, indigestion or vomiting while taking NSAID medications, you should stop them immediately and seek medical advice.

For severe cases of costochondritis not responding to painkillers and anti-inflammatory medication, injections of steroids or local anaesthesia may be used.

In extreme cases, an intercostal nerve block can be performed. This involves injection of a local

anaesthetic drug around the painful ribs, to block the nearby intercostal nerve. The intercostal nerves transmit the painful sensation in costochondritis. This sort of injection temporarily disrupts nerve impulses to stop the pain. Nerve blocks can last several weeks or months. In recurrent, severe cases of costochondritis, a series of these injections can be given to permanently destroy the nerve causing the pain.

## Non-drug measures

Physical measures to relieve pain in costochondritis include heat pads, ice application, transcutaneous electrical nerve stimulation, acupuncture, gentle stretching exercises and avoidance of sports or activities that worsen the pain.

If you are experiencing chest cartilage pain that may be related to costochondritis, consider reducing the amount of your physical activity until the pain has disappeared.

## Prognosis

Outcome of costochondritis is generally good. Most cases are mild, short-lived (less than 6-8 weeks) and get better - with or without medications. Majority are well within 6 months but in a very small number of cases it lasts longer. Costochondritis may return, but this is unlikely. ▲




Chest

# കളങ്ങൾ

## അനിയൻ

"ങ്ഹാ! നീയിത്ര വേഗം വന്നോ?" ഗോപി ഇറയത്തേക്ക് കയറുമ്പോൾ അമ്മ ചോദിച്ചു.

"സുമതി കാലത്തന്നെ വന്നേർന്നു. ദാ ഇപ്പൊ പോയോള്ളോ...".

"സുമത്യോ? അവള് വന്നേർന്നോ? എന്തേ വേഗം പോയ്യേ?" ഗോപി ചോദിച്ചു.

"സ്കൂ് ഇരിപ്പൊറക്കണ്ല്യ അമ്മായ്യേ, ഞാമ്പിന്നെ വരാംന്നും പറഞ്ഞാ അവള് എറങ്ങ്യേ. ഞാമ്പറഞ്ഞു... നീയ് രാവിലെത്തന്നെ നീ വില്ലേജോഫീസിൽക്ക് പോയിർക്ക്യാണ്, പ്പ വരും ന്ന്. നീയ്യ് പോയ കാര്യൊക്കെ ശര്യായ്യോ?"

"കുടിക്കട സർട്ടിഫിക്കറ്റിന് ഇനീം ഒരു ചാല്യ കൂടി നടക്കണം." ഗോപി മുറുമുറുത്തു. "എന്തിനേ അമ്മേ അവള് രാവിലെത്തന്നെ വന്നേ?"

"വന്നട്ട് പൂവ്വോളം ആവലാതീം കരച്ചിലും ആയിർന്നു. വീട് വെക്കേണ്ടായിർന്നൂ അമ്മായ്യേന്നും പറഞ്ഞാർന്നൂ നെലോളി. ലോണിന്റെ പൈസ്യൊക്കെ കഴിഞ്ഞൂത്രെ. പണി ഞ്ഞീം ബാക്കീണ്ട്. പണിക്കാർക്കും കാശ് കൊടുക്കാൻണ്ട്. അവളാകെ വെഷമത്ത്ലാ."

"നാശം!" ഗോപി അരിശം പൂണ്ടു. "വിക്കല് കഴിഞ്ഞിട്ടില്യ, അപ്ളക്കും വര്യായി ഏമദണ്ടോം പറഞ്ഞ് ബന്ധുസന്തക്കാര്!"

"അങ്ങനെ അറത്തു മുറിച്ച് പറയല്ലേ ഗോപ്യേ. അവളത്രക്കും ധർമ്മസങ്കടത്ത്ലാണ്. പ്രാരാബ്ധൊക്കെ ആർക്കാ എപ്ളാ വര്യാന്നൊന്നും പറയാൻ പറ്റില്യല്ലോ."

"അവൾടെ ഭർത്താവ്ന് ബാങ്കില് ജോലീല്യേ? സ്വന്തം ജീവനക്കാർക്ക് ബാങ്കീന്ന് പലിശ കൊറച്ച് ലോണ് കിട്ട്വേം ചെയ്യും, "ന്ട്ടാ!..."

"ഒര് പ്യൂണിന് എത്ര ശമ്പളം കിട്ടും, ന്റെ ഗോപ്യേ? ആ പൈസ്യൊക്കെ കഴിഞ്ഞു. ചെത്തിത്തേപ്പ് കഴിഞ്ഞു. ഞ്ഞി, വയറിങ്ങ്, ടാങ്ക് വെക്ക്‌ാ ങ്ങനെ കൊറേ പണ്യോള് ബാക്കിണ്ട്ത്രെ. ഒരു അര ലക്ഷം കൂടീണ്ടാക്കാൻ ചക്രശ്വാസം വലിക്ക്വാ അവള്. ഞങ്ങള് മാസാമാസം അടച്ച തീർത്തോളാം, ഗോപ്യേട്ടനോട് ഒന്നു പറയൂ അമ്മായ്യേന്നും പറഞ്ഞാ അവള് പോയ്യേ."

"കാര്യങ്ങൾടെ കെടപ്പറിയാണ്ടെ അമ്മ ഓരോന്ന് ഏല്ക്കണ്ടാ, ട്ടോ!" ഗോപി ചൊടിച്ചു. "പത്തു പൈസ കയ്യിലെടുക്കാൻല്യാച്ചാ ഒറ്റ കുട്ടീം തിരിഞ്ഞു നോക്കില്യ. നാല് കാശ് എങ്ങനേങ്കിലും കയ്യിലിണ്ടാകുമ്പഴേക്കും വര്യായി, അമ്മായ്യേ... ഗോപ്യേ... ന്നും വിളിച്ച് ഓരോർത്തര്."

"ഞാനൊന്നും ഏറ്റിട്ടില്യേ!... നെന്നോട് വെവരങ്ങള് പറേണൂന്നേള്ളൂ."

ഗോപി, കടലാസുകൾ അകത്തെ മുറിയിൽ ഭദ്രമായി എടുത്തുവെച്ച് വീണ്ടും ഇറയത്തേക്ക് വന്നു.

"ഞ്ഞി ന്ന് കടേല് പോണോ? നേരം ഇത്രായീട്ട്?..." അമ്മ ചോദിച്ചു.

"പോവാണ്ടെ പറ്റില്യ അമ്മേ. കടേല് നല്ല തെരക്ക്ള്ള സമയാണ്." ഗോപി ഇറങ്ങി.

നഗരത്തിൽ, ഹോം അപ്ളയൻസസ് വിൽക്കുന്ന കടയിലാണ് ഗോപിക്ക് ജോലി. വില്പന കൂടാതെ, മിക്സി, ഗ്രൈന്റർ മുതലായ ഉപകരണങ്ങളുടെ റിപ്പയർ പണിയുമുണ്ട്, ഗോപിക്ക്.

ഭാഗത്തിൽ തനിക്കും അമ്മക്കും കൂടി അവകാശപ്പെട്ടു കിട്ടിയതാണ് ഒരയേക്കർ പാടം.




അഞ്ചാറു കൊല്ലം മുമ്പുവരെ അതിൽ ഇരുപ്പൂകൃഷി നടത്തിവന്നിരുന്നു. തൊട്ടുകിടക്കുന്ന വിളയിടങ്ങൾ ഉടമസ്ഥർ തരിശിടാൻ തുടങ്ങിയിട്ടും, ഗോപി സ്വന്തം കൃഷിസ്ഥലത്ത് ഒരുപൂവൽ കൃഷി തുടർന്നുപോന്നു. ഈ കാലയളവിൽ, നാട്ടിൽ കൃഷിസമ്പ്രദായത്തിന്റെ അലകും പിടിയും മാറിക്കഴിഞ്ഞിരുന്നു. കിറങ്ങിയിരു പാടങ്ങൾ ഇപ്പോൾ ഉഴുന്നത് ടില്ലറുകളാണ്. നിലമൊരുക്കി തയ്യാറാവുമ്പോഴേക്കും കൊല്ലങ്കോട്ടെ മുത്തലീഫിന് മൊബൈലിൽ വിളിക്കുകയായി. കർഷകസഹകരണസംഘത്തിൽ നിന്നും വാങ്ങുന്ന ഞാറ്റുകെട്ടുകൾ കണ്ടത്തിൽ ചിന്നുന്നതും നടുന്നതും കൊല്ലങ്കോട്ട് നിന്നും എത്തുന്ന തമിഴ് കൂലിവേലക്കാർ.

കൊയ്ത്തുകാലം അടുക്കുന്നതോടെ വീണ്ടും മുത്തലീഫിന് ഫോൺ വിളിക്കുന്നു.

മൂന്നാം കൊല്ലം ആയപ്പോഴേക്കും തമിഴന്മാരും പഠിച്ചു. കൂലിവേലക്ക് തമിഴരും നാട്ടുകാരും തമ്മിൽ വ്യത്യാസമില്ല എന്ന നിലവന്നു. വയ്യ... കൃഷി എന്ന പ്രാരാബ്ധം പേറിനടക്കാൻ വയ്യ. ഭൂമി തരിശിടാനും വയ്യ.

ഭൂമിയുടെ ഊഷരത മനസ്സിനേയും ബാധിക്കുന്നു. വരുംതലമുറക്ക് ബാക്കിവെക്കാതെ മുഴുവനും വിറ്റ് കൃഷി എ പ്രാരാബ്ധത്തിൽ നിന്നു തടിയൂരാനും മനസ്സുവരുന്നില്ല.

പങ്കജാക്ഷൻ നാല്പത് സെന്റ് മേലേക്കണ്ടം വാങ്ങാൻ തയ്യാറായി വന്നപ്പോൾ ഇപ്പോൾ വിൽക്കുന്നില്ല എന്നു പറഞ്ഞ് ഒഴിഞ്ഞുനോക്കി. എത്രയായാലും ഒഴിവാവുന്നില്ല എന്നു വപ്പോൾ, തന്നെ ഒഴിഞ്ഞുപൊക്കോളും എന്നു കരുതി നടപ്പുവിലയുടെ രണ്ടര ഇരട്ടിയോളം വിലയായി പറഞ്ഞു. ആ വില അയാൾ പെട്ടെന്നു സമ്മതിക്കുകയാണുണ്ടായത്. റോഡിനോടു ചേർന്നു കിടക്കുന്ന കണ്ടമാണ്, പറമ്പുവില പറയാമായിരുന്നു എന്നു പിന്നീട് തോന്നി. സാരമില്ല, ഇനിയുമുണ്ടല്ലോ, ഒന്നിൽ ചില്ലാനം ഏക്കർ.

വില്പനയോടൊപ്പം തന്നെ, തുകയുടെ മുക്കാൽ ഭാഗം അമ്മയുടേയും തന്റേയും പേരിൽ ബാങ്കിൽ സ്ഥിരനിക്ഷേപമായി ഇടണം. ഗോപി ഭാവിപരിപാടികൾ തയ്യാറാക്കിയിരുന്നു. ശേഷിക്കുന്ന തുകകൊണ്ട്, വീടിന്റെ തെക്കുഭാഗത്തുള്ള ചായ്പുകെട്ടി വാർത്ത് അടച്ചുറപ്പുള്ള ഒരു മുറിയാക്കണം. ക്രമേണ, മോട്ടോർ വൈന്റിംഗ്, മിക്സി റിപ്പയർ തുടങ്ങിയ ജോലികൾ വീട്ടിലിരുന്നും ചെയ്യാനുള്ള സംവിധാനം ഒരുക്കണം.

അന്നു വൈകീട്ട് കടയിൽനിന്നും വന്നശേഷം ചായ കുടിക്കുമ്പോൾ ഗോപി അമ്മയോട് പറഞ്ഞു.

"അമ്മേ, പൈസ ഒരിക്കൽ മടീന്ന് എറങ്ങ്യാ പിന്നെ അതു കഴിഞ്ഞു. എത്ര ബുദ്ധിമുട്ടീട്ടാ നമ്മള് ഓരോ പദ്ദത്യോള് ഇണ്ടാക്കണേ? അതിന്റെ ബുദ്ധിമുട്ട് നമക്കേ അറിയൂ. അതിന് തടസ്സാവണ രീതീന്ന് പറഞ്ഞാ ഇത്തിരി ദണ്ണണ്ട്. വേറെ ഒന്നോണ്ടല്ല, അവസാനം തൂങ്ങാൻ നമ്മളന്നെ വേണ്ടിവരും, അതോണ്ടാ..."

"കീഴ്ക്കടെ ഒക്കെ മറന്ന് പെരുമാറാൻ പറ്റ്വോ ഗോപ്യേ?" ഊ മേശക്കരികിലെ സ്റ്റൂളിൽ ഗോപിയുടെ അടുത്തിരുന്ന അമ്മ പറഞ്ഞു. "കുമാരൻ

സൊന്തം കുട്ട്യോളേം, മട്ടനേം നെന്നേം ഒക്കെ ഒര് വിത്ത്യാസോല്യാണ്ട്യാണ് വളർത്തിക്കൊണ്ടോന്നേ. അതൊക്കെ നമ്മള് മറക്കാൻ പാടുണ്ടോ?"

ഗോപിയുടെ അമ്മാമനാണ് കുമാരൻ. സുമതിയുടെ അച്ഛൻ. മരിച്ചിട്ട് പതിനൊന്നു കൊല്ലം കഴിഞ്ഞു. മധു വല്യമ്മയുടെ മകനും. ആറു വർഷമായി ദുബായിൽ ആണ്.

ഗോപിക്ക് പൊറുതിമുട്ടി. ഒന്നും പ്രതിവചിക്കാതെ, ചായ മുഴുവനും കുടിച്ച് ഇറയത്ത് പോയി വായ കഴുകി അയാൾ അകത്തെ മുറിയിലേക്കു പോയി.

വീട്ടിൽ ഒരു മുറികൂടി ചേർക്കുക എത് ഒരു കുറ്റകൃത്യമാണോ? ഗോപിക്ക് മനസ്സിൽ ഈറ പെരുകിവന്നു.

വീടും പരിസരവും എല്ലാം ഒരുവിധം വൃത്തിയായി ഇരിക്കുന്നു. അതൊരു മഹാഭാഗ്യം തന്നെ, ഗോപി സമാധാനം കൊണ്ടു. മരാമത്തുകൾക്ക് പുറപ്പെട്ടാൽ, പാടം വിറ്റുകിട്ടുന്ന സംഖ്യ ഒരു തുമ്പുമില്ലാതെ ചിലവായിപ്പോയേനെ.

മധുവേട്ടന്റെ കല്യാണസമയത്ത് ഈ വീട്ടിലെ അറ്റകുറ്റപ്പണികൾ ഒരുവിധം നടന്നിരുന്നു. പുതിയ വീട് കെട്ടിക്കഴിഞ്ഞിരുന്നുവെങ്കിലും, ഭാര്യയെ തറവാട്ടിലേക്ക് കൊണ്ടുവരുന്നതും ഒരു ചടങ്ങായി വേണമെന്നു മധുവേട്ടന് നിർബ്ബന്ധമുണ്ടായിരുന്നു. അതിനോടനുബന്ധിച്ച എല്ലാ കയ്യാൽ ചിലവുകളും അങ്ങോരന്നെയാണ് വഹിച്ചത്.

താനിരിക്കുന്ന ഈ മുറിയിലെ ചുമർ പെയ്ന്റ് ചെയ്തതും അന്നായിരുന്നു, ഗോപി ഓർത്തു. ഇപ്പോഴും മങ്ങലേറ്റിട്ടില്ല.

ഒരു പ്രതേകരീതിയിലാണ് ചുമർ പെയ്ന്റ് ചെയ്തിരിക്കുന്നത്, ഗോപി ചുമരിലേക്ക് നോക്കിയിരുന്നു. പഴയ രീതിയിലുള്ള കുമ്മായച്ചുമരാണ്. ആദ്യം തന്നെ, അതു മിനുസക്കടലാസു കൊണ്ട് ഉരച്ചുമിനുസപ്പെടുത്തി വൃത്തിയാക്കി വെള്ളപൂശിയിട്ടുണ്ട്. അതിനു ശേഷം ചുമരിൽ ഒരു പാറ്റേൺ പ്രത്യേകരീതിയിൽ പെയ്ന്റ് ചെയ്തിട്ടുണ്ട്.

പാറ്റേണുകൾ കൊത്തിയ ഒരു ഉരുളൻ വടി ചായത്തിൽ മുക്കി ചുമരിന്റെ അടിഭാഗത്തു ചേർത്തുവെച്ച്, മുകളിൽ തട്ടുചുമർ വരെ ശ്രദ്ധയോടെ ഉരുട്ടിക്കയറ്റുന്നു. ഇതോടെ, ഇളം പിങ്ക് നിറത്തിലുള്ള ഡൈമണ്ട് ചിത്രങ്ങൾ ചുമരിൽ പതിയുകയായി. ഓരോ ഡൈമണ്ട് ചിത്രത്തിലും, പുഷ്പിച്ചുനില്ക്കുന്ന ലതയുടെ പാറ്റേണും കാണാം. അതും ഇളം പിങ്ക് നിറത്തിൽ തന്നെ.

ഓരോ തവണയും ഉരുൾവടി ഉരുട്ടിക്കയറ്റുമ്പോൾ, ഇടതും വലതും വരു ഡൈമണ്ട് കളങ്ങൾ മുറിയാതെ, ശ്രദ്ധയോടെയാണ് പെയ്ന്റ് ചെയ്തിരിക്കുന്നത്, ഗോപി കൗതുകത്തോടെ ചുമരിലേക്കുതന്നെ നോക്കിയിരുന്നു.

ചുമരിനോട് ചേർന്ന് മൂലയിൽ മേശമേലാണ് ടി.വി. ഇരിക്കുന്നത്. ഗോപി മേശവലിപ്പിൽ നിന്നും കണക്കുപുസ്തകമെടുത്ത് അന്നത്തെ വരവുചിലവുകൾ അതിൽ ചേർത്തു. പുസ്തകം തിരിച്ചു വെക്കുമ്പോൾ ഡയറി എടുത്തു ഒരു നിമിഷം ആലോചിച്ചിരുന്നു. ഇപ്പോൾ വേണ്ട, ഊണ് കഴിഞ്ഞു എഴുതാം, ഗോപി ഡയറി മേശവലിപ്പിൽ തന്നെ വെച്ചു.

ഗോപി ടി.വി. ഓൺ ചെയ്തു. കുറേ ചാനലുകൾ എന്തെന്നു പരതുകയും, താല്പര്യം തോന്നാഞ്ഞതിനാൽ മാറ്റുകയും ചെയ്തശേഷം ചരിത്രം, ശാസ്ത്രവസ്തുതകൾ മുതലായ വിഷയങ്ങൾ പ്രതിപാദിക്കുന്ന ചാനൽ ആയപ്പോൾ ഗോപി അന്നത്തെ വിഷയം എന്തെന്നറിയാൻ തെല്ലുനേരം കാത്തിരുന്നു.

മനുഷ്യവംശത്തിന്റെ പരിണാമം, വിശേഷബുദ്ധിയോടെ മനുഷ്യൻ ഇതരജീവികളിൽ നിന്നും തെറ്റിപ്പിരിഞ്ഞ കാലം മുതലായവ ആയിരുന്നു അപ്പോൾ ടി.വി.യിൽ പ്രദിപാദിച്ചിരുന്ന വിഷയം. ടി.വി.യിൽ മനുഷ്യന്റെ എല്ലിൻകൂടും തലയോടും പോലുള്ള ദൃശ്യങ്ങൾ തെളിയാൻ തുടങ്ങി.

".. ആയിരത്തിത്തൊള്ളായിരത്തി

എഴുപതിമൂന്നിലാണ് ജൊഹാൻസൺ പ്രഖ്യാതമായ കണ്ടെത്തൽ നടത്തിയത്. ആഫ്രിക്കയിലെ എത്യോപ്യയിൽ നിന്നും അദ്ദേഹം കണ്ടെത്തിയ "ലൂസി" എന്ന ഫോസിൽ, നരവംശചരിത്രം അപ്പാടെ തിരുത്തിയെഴുതുവാൻ ഇടവരുത്തി. ഗോറില്ലകളുടേയും, "കില്ലർ ഏയ്പ്സിന്റേയും" വംശാവലിയിൽ നിന്നും, ഒരു മുക്കൂട്ടക്കവലയിൽ വെച്ച മാനവജാതി പിരിയുന്ന ഘട്ടത്തിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു, മുപ്പത്തിരണ്ടു ലക്ഷം വർഷം പഴക്കമുള്ള ലൂസിയുടെ ഫോസിൽ. "

ടി.വി.യിൽ അവതാരകൻ വിശദീകരിക്കുവാൻ തുടങ്ങി. ഗോപി റിമോട്ട് കൺട്രോൾ മേശമേൽ വെച്ചശേഷം കസേരയിൽ ചാരിയിരുന്നു. അവതാരകൻ തുടർന്നു.

"..നാം ഇതുവരെയും കരുതിയിരുന്ന പോലെ ക്രമാനുഗതമായല്ല മനുഷ്യനിലെ വിശേഷബുദ്ധിയുടെ പരിണാമം; പ്രത്യുത, പതിനാറും പതിനെട്ടും ലക്ഷം വർഷങ്ങൾക്ക് മുമ്പ്, ത്വരിതമായൊരു മാറ്റമാണ് മനുഷ്യരാശിയിൽ വന്നത് എന്നും ഇതിനാൽ നിഗമനപ്പെടുന്നു എന്നും ജൊഹാൻസൺ വാദിക്കുന്നു. ജൊഹാൻസണും ഷ്രീവും ചേർന്ന് എഴുതിയ "ലൂസീസ് ചൈൽഡ്" എന്ന പ്രഗത്ഭപുസ്തകം ചിന്തോദ്ദീപകവും, ശാസ്ത്രജ്ഞർക്കിടയിൽ ഇപ്പോഴും വിവാദപരവുമാണ്."

ഗോപി ടി.വി. സ്ക്രീനിൽ കണ്ണിമവെട്ടാതെ നോക്കിക്കൊണ്ടിരുന്നു. കരുണനാണ് ഇത്തരം വിവരങ്ങൾ ഗോപിയോട് സംസാരിച്ചിരിക്കാറുള്ളത്. ഗോപിയുടെ കൂടെ പത്താം ക്ളാസ് വരെ പഠിച്ച കരുണൻ ഇപ്പോൾ പുരാവസ്തുചരിത്രത്തിൽ ഉപരിപഠനം നടത്തുന്നു. ഗോപിക്ക് ഉപരിപഠനം നഷ്ടപ്പെട്ടതിൽ കരുണൻ ഇപ്പോഴും വ്യാകുലപ്പെട്ട് പറയാറുണ്ട്. എന്തു ചെയ്യാം? വീട്ടിലെ അന്നത്തെ സാഹചര്യങ്ങൾ അങ്ങനെയായിരുന്നു.

തുടർന്നു പ്രോഗ്രാമിലെ അവതാരകൻ കുറേയേറെ വസ്തുതകൾ നിരത്തിവെക്കുവാനും അതിനെ അവലംബിച്ച് ശാസ്ത്രജ്ഞർ എത്തിച്ചേർന്ന നിഗമനങ്ങൾ പ്രതിപാദിക്കാനും തുടങ്ങി. ചുമലെല്ലുകൾക്ക് ക്രമാതീതമായ വലുപ്പമുള്ളതിനാൽ, നമ്മുടെ ഈ പൂർവ്വികർ നിലത്തും മരങ്ങളിലുമായി കഴിഞ്ഞവർ ആയിരിക്കണം. എന്നാൽ, മുട്ട്, മുട്ടിൻ ചിരട്ട എന്നിവ പൂർണ്ണദശയെ പ്രാപിച്ചിരുന്നതിനാൽ, നമ്മെ പോലെ നിവർന്നു നടക്കുവാൻ തക്ക ബലമുള്ള പാദങ്ങളും ഇവക്കുണ്ടായിരുന്നു. ശബ്ദം പുറപ്പെടുവിക്കാനുള്ള "സൗണ്ട് ബോക്സ്" എല്ലും കഴുത്തിൽ രൂപപ്പെട്ടിരുന്നു...

ഗോപി സാകൂതം എല്ലാം ശ്രവിച്ചിരുന്നു.

"തുടർന്ന് ആയിരത്തിത്തൊള്ളായിരത്തി എൺപത്തിയാറിൽ ടാൻസാനിയയിലെ ഓൾഡുവായ് എന്ന സ്ഥലത്തുനിന്നും, പിന്നീട് അലംസെഗേദ് എ യുവ പാലെൻഥോളജിയിസ്റ്റ് രണ്ടായിരാമാണ്ടിൽ എത്യോപ്യയിലെ ഡികിക എന്ന സ്ഥലത്തുനിന്നും ഇതിനു ഉപോൽബലകമായി കണ്ടെത്തിയ ലൂസിയുടെ അവശിഷ്ടങ്ങൾ മാനവരാശിയുടെ പരിണാമത്തെക്കുറിച്ച് ഏതാണ്ട് പൂർണ്ണരൂപം പ്രദാനം ചെയ്യുന്നുണ്ട്. ഈ പരമ്പരയുടെ രണ്ടാംഭാഗം വെള്ളിയാഴ്ച പ്രക്ഷേപണം ചെയ്യുതായിരിക്കും."

ഇതിന്റെ രണ്ടാം ഭാഗം മറക്കാതെ കാണണം, ഗോപി മനസ്സിൽ കുറിച്ചിട്ടു.

രണ്ടുതരം അത്ഭുതങ്ങൾ ആണ് ഗോപിക്ക് അപ്പോൾ തോന്നിയത്. പാതാളത്തോളം ആഴമുള്ള കാലത്തിലേക്ക് ഇക്കൂട്ടർ എങ്ങനെ ഇറങ്ങിച്ചെല്ലുന്നു? പിന്നെ, ഒരു ചെറിയ അസ്ഥിക്കഷ്ണത്തിൽ നിന്നും നമ്മുടെ പൂർവ്വികരുടെ ശരീരവലിപ്പം, ആകൃതി എന്നല്ല, സമുദായരീതി വരെ എങ്ങനെ ഇത്ര കണിശമായി ഗണിച്ചെടുക്കുന്നു?

ഇനി കരുണനെ കാണുമ്പോൾ ഇതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കണം.

"നാം ഇതിഹാസരൂപത്തിൽ പല കഥകളും കേട്ടിരിക്കും",

കരുണൻ ഒരിക്കൽ ഗോപിയോട് സംസാരിച്ചിരുന്നു. "കഥയോട് നമ്മൾ പുലർത്തുന്ന മാനസികബന്ധം ഒരു തലത്തിൽ ആണ് വ്യവഹരിക്കുക.... എന്നാൽ, അവ നമ്മുടെ പൂർവ്വികരായിരുന്നു എന്നും, നമ്മെപോലെത്തന്നെ പല സമൂഹവ്യവഹാരങ്ങളിൽ ഏർപ്പെട്ടിരുവരായിരുന്നു എന്നും ഒക്കെ അറിവാവുമ്പോഴാണ് ആ ഇഴകൾ അടർത്തി പരിശോധിക്കാനുള്ള ജിജ്ഞാസ നമുക്കുണ്ടാവുന്നത്. ചരിത്രത്തിന്റെ ശാസ്ത്രീയമായ പഠനം എന്നതിന്റെ കേവലാർത്ഥവും ഇതു തന്നെ."

"ഉദാഹരണം, ശങ്കരാചാര്യരുടെ കഥ എടുക്കാം. അമ്മക്ക് കുളിക്കുവാൻ സൗകര്യത്തിന് നദിയുടെ ഗതി അദ്ദേഹം മാറ്റി എന്ന കഥ പ്രസിദ്ധമാണല്ലോ. ആ കാലത്ത് ഒരു നദി വഴി മാറി ഒഴുകാൻ തുടങ്ങി എന്നാൽ, ഇതിനുള്ള രേഖകൾ - ആർക്കിയോളജിക്കൽ തെളിവുകൾ - ചിലതെങ്കിലും കണ്ടെത്താൻ കഴിയും. ശാസ്ത്രീയമായ രീതിയിൽ കാലവും ഗണിച്ചെടുക്കാൻ പറ്റും. ഇങ്ങനെ, ഒരു കാലഘട്ടത്തിൽ നദി വഴിമാറുക മുതലായ പ്രതിഭാസമുണ്ടായി എന്നിരിക്കട്ടെ, അതിനെ അന്നു ജീവിച്ചിരുന്ന മഹാന്മാരുടെ അപദാനമായി ചേർക്കുക, ഇതും മനുഷ്യസഹജമായ ഒരു സ്വഭാവമാണ്. ശ്രീരാമന്റെ സേതുബന്ധനം, ശ്രീകൃഷ്ണന്റെ ഗോവർദ്ധനോദ്ധാരണം, കാളിയമർദ്ദനം മുതലായ പല ചരിത്രകഥകളും ശാസ്ത്രീയമായി അപഗ്രഥിച്ച് കുട്ടിവായിക്കാവുന്ന പുരാണകഥകളാണ്!"

കരുണന്റെ വാക്കുകൾ അപ്പോൾ ഗോപിയുടെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു.

പണ്ട്, ലോവർ പ്രൈമറിയിൽ പഠിച്ചിരുന്ന കാലം ഗോപി ഓർത്തു. കുന്നിൻ ചെരുവിൽ ഉയർന്ന തട്ടിലാണ് സ്കൂൾ. താഴെയുള്ള പാത കുറച്ചു കഴിഞ്ഞാൽ, ഒരു ഇറക്കത്തിലേക്കിറങ്ങി അപ്രത്യക്ഷമാകുന്നു. ഇന്റർവെൽ സമയത്ത് മറ്റു കുട്ടികൾ തിമർത്തു കളിക്കുമ്പോൾ താൻ ഏകനായി സ്കൂൾ വളപ്പിന്നരുകിൽ താഴെ പാതയിലേക്ക് നോക്കിനിൽക്കാറുണ്ടായിരുന്നു. ആ ചെറുപ്രായത്തിൽ പാതയിൽ ഇറക്കം തുടങ്ങുന്ന ആ ഭാഗമായിരുന്നു തനിക്ക് ലോകത്തിന്റെ ഒരറ്റം.

ഇന്നും, സമയത്തെക്കുറിച്ച് ആ അജ്ഞത തന്നെ പിൻതുടരുന്നുണ്ടോ എന്ന് ഗോപിക്ക് സംശയം തോന്നാറുണ്ട്. തന്റെ മുത്തച്ഛൻ അഥവാ, അദ്ദേഹത്തിന്റെ അച്ഛൻ... അതുവരെ ശരി... കുഴപ്പമില്ല. അതിനും മുമ്പു ജീവിച്ചരൊക്കെ ഒരു തരം ഇരുണ്ട കാലത്തു ജീവിച്ചിരുന്നവർ ആയിരുന്നു എന്നു തോന്നൽ. എന്താണ് ഈ തോന്നലിന് ഉപോൽബലകമായുള്ളത്? അതും വ്യക്തമായി ഗോപിക്ക് പറയാനാവില്ല.

ടി.വി. ഓഫ് ചെയ്തശേഷവും ഗോപി ചുമരിലെ ഡൈമണ്ട് കളങ്ങളിൽ നോക്കി ടി.വി.ക്കു മുമ്പിലുള്ള കസേരയിൽ വെറുതെ ഇരുന്നു. മനസ്സിപ്പോഴും ആദിമമായ, ലൂസി ഉടലെടുത്ത ആ പ്രാക് കാലത്തിൽ കുടുങ്ങി നില്ക്കുന്നു. ലക്ഷക്കണക്കിന് വർഷങ്ങൾ മുമ്പ്! അമ്പമ്പോ! എത്ര ഇരുണ്ട കാലമായിരിക്കണം അത്?! സൂര്യകിരണങ്ങൾ ഊർന്നുവീഴാത്ത അത്രയും കനപ്പുള്ള മേലാപ്പോടുകൂടിയ കാട്, അതിൽ മറ്റു ജീവജന്തുക്കളോട് മത്സരിച്ചും, കായ്കനികളും വേട്ടയാടി പിടിച്ച ജീവികളെ ഭക്ഷിച്ചും ജീവിച്ചുപോന്ന ആദിമനുഷ്യർ... ഭക്ഷണം പാകം ചെയ്തു ഭക്ഷിക്കുവാൻ ഇവർ ശീലിച്ചത് എത്രയോ കാലത്തിനു ശേഷം... കൃഷി കണ്ടുപിടിച്ചത് പിന്നെയും കുറേ യുഗങ്ങൾക്ക് ശേഷം... കാലത്തിന്റെ മാനദണ്ഡം മനസ്സിൽ ലഭിക്കാത്തതിനാൽ ഗോപിക്ക് അസ്വസ്ഥത തോന്നി.

ഗോപി വീണ്ടും ഡൈമണ്ട് കളങ്ങളിൽ നോക്കി ഇരുന്നു. പുഷ്പിച്ച ലതകളെ ആവരണം ചെയ്തുനിൽക്കുന്ന ഡൈമണ്ട് കളങ്ങൾ, കാലത്തിനാൽ ബന്ധിതരായ ആത്മാക്കളായിരുന്നു. ആ ലതകൾ. ഇന്ദ്രൻ, വരുണൻ, യമദേവൻ, കുബേരൻ എന്നീ ദിക്പാലകർ സ്വക്ഷേത്രങ്ങളിൽ കാവൽ നിൽക്കുന്നു.

ഗോപിക്ക് ആ സമയം തമ്മിൽതമ്മിൽ ഘടിപ്പിച്ച കളങ്ങൾ ഒരു വലപോലെ തോന്നി.

കളങ്ങൾ... മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും ഒന്നിനോടൊന്നു ബന്ധപ്പെട്ടുകിടക്കു കളങ്ങൾ. ബന്ധങ്ങൾ എങ്ങനെയാണ് വരുന്നത്? തമ്മിൽ ചേർന്നുകിടക്കു വശങ്ങളിലൂടെയാണോ? അല്ല!... കളങ്ങളുടെ അടിഭാഗം ഒരു ഫണൽ പോലെയാണ്. നേരെയുള്ള ഫണലും, അതിനുതാഴെ തലകീഴായുള്ള ഫണലും പൃഷ്ഠത്തോട് പൃഷ്ഠം ചേർന്നിരിക്കുന്നു. കളത്തിന്റെ നാലു വശങ്ങളും കാലത്തിന്റെ തടയണകൾ. ഒരു കളത്തിൽ ആർജ്ജിച്ച എല്ലാ സ്ഥാവരജംഗമങ്ങളും, എല്ലാ ആർജ്ജവങ്ങളും ഫണലിലെ സംയോജനബിന്ദുവിലൂടെ അടുത്ത കളത്തിലേക്ക് കൈമാറുന്നു.

കാലത്തിന്റെ പ്രവാഹം, ബാറ്റണുകളുടെ കൈമാറ്റം, തലമുറകളുടെ റിലേ ഓട്ടം... എല്ലാം ഗോപി ആ ചുമരിലെ കളങ്ങളിൽ കാണുവാൻ തുടങ്ങി.

മേശയും ചുമരും ചേരുന്നിടത്ത്, ഏതാണ്ട് നടുവിലുള്ള ഒരു കളത്തിലേക്ക് ഗോപി നോക്കിയിരുന്നു. ഈ കളം ഞാൻ തന്നെ. അതിന്റെ മുകളിൽ കിടക്കുത് അച്ഛൻ, അതിനും മുകളിൽ അച്ഛന്റെ അച്ഛൻ... ഗോപിക്ക് രസമായി. അയാൾ ക്രമത്തിൽ മുകളിലെ ഓരോ കളങ്ങളും ക്രമത്തിൽ എണ്ണി തിട്ടപ്പെടുത്തുവാൻ തുടങ്ങി. ഒന്ന്, രണ്ട്, മൂന്ന്,.......... എഴുപത്തിരണ്ട്, എഴുപത്തിമൂന്ന്........... ഇത്രയായപ്പൊഴേക്കും കളങ്ങളുടെ എണ്ണം തീർന്നു.

എഴുപത്തിമൂന്നാം കളത്തിൽതന്നെ ഗോപി നോക്കിയിരുന്നു. തന്റെ എഴുപത്തിമൂന്നാം മുത്തച്ഛൻ!! എത്ര കാലം മുമ്പായിരുന്നിരിക്കും അദ്ദേഹം ജീവിച്ചിരുന്നത്? ഓരോ തലമുറയും ഇരുപത്തിയഞ്ചോ മുപ്പതോ കൊല്ലം കഴിയുമ്പോൾ മാറുമെന്നിരിക്കട്ടെ, അപ്പോൾ തന്റെ എഴുപത്തിമൂന്നാം മുത്തച്ഛൻ ഉദ്ദേശം രണ്ടായിരം കൊല്ലങ്ങൾ മുമ്പ് ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഒരു വ്യക്തി ആയിരുന്നിരിക്കണം! അതായത്, യേശുക്രിസ്തുവിന് സമകാലീനനായി!! ഗോപി കോരിത്തരിച്ചുപോയി.

നസ്രേത്തിൽ ചരിത്രപ്രധാനമായ സംഭവങ്ങൾ നടക്കുമ്പോൾ, അവക്ക് സാക്ഷീഭൂതനായി എന്റെ ഒരു മുത്തച്ഛൻ ഇവിടേയും ജീവിച്ചിരുന്നു. ഇന്നു നാം സദ്ദാം ഹുസൈനെ തൂക്കിലേറ്റിയ സംഭവത്തെ അനുകൂലിച്ചും എതിർത്തും അഭിപ്രായങ്ങൾ ഉന്നയിക്കുന്നു. അന്നത്തെ ഗ്രാമസദസ്സിലോ അഥവാ, കുടുംബസദസ്സിലോ തന്റെ എഴുപത്തിമൂന്നാം മുത്തച്ഛൻ യേശുക്രിസ്തുവിനെ കുരിശിൽ തറച്ചതിനെ പ്രതികരിച്ച് സംസാരിച്ചിരുന്നുവോ? ഈ രീതിയിൽ ചിന്തിച്ചിരിക്കാൻ ഗോപിക്ക് എന്തെന്നില്ലാത്ത ഉണർവ്വ് തോന്നി.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപത്തെ വിമർശിച്ചു സംസാരിച്ച മുത്തച്ഛനും ഉണ്ട്, എനിക്കു. അദ്ദേഹം എവിടെയാണ്? ഓ... ഈ ചുമരിൽ ഇല്ല. ഈ ചുമരിന് ഇരട്ടി ഉയരം ഉണ്ടായിരുന്നെങ്കിൽ, തനിക്ക് ആ മുത്തച്ഛനേയും കാണാമായേനെ.

അമർത്തിവെച്ച സ്പ്രിംഗ് പോലെ ഉള്ളിൽ  ചുരുണ്ടുകൂടി കിടന്നിരുന്ന കാലം ഗോപിയുടെ മനസ്സിൽ പെട്ടെന്നു കുതിച്ചെഴുന്നേറ്റ്. ആ ഉയർച്ച മനസ്സിൽ തളം കെട്ടിക്കിടിരുന്ന ഇരുട്ടിനെ പായിച്ചു. തന്റെ പ്രപിതാമഹർ ഇരുണ്ട കാലഘട്ടത്തിൽ തളക്കപ്പെട്ട ആത്മാക്കളായിരുന്നില്ല! അന്നും സൂര്യൻ ഇത്തെപോലെ തന്നെ കത്തി ജ്വലിച്ചു നിന്നിരുന്നു. ഗോപിക്ക് സ്വയം തിരുത്തൽ വളരെ എളുപ്പത്തിൽ നടത്തുവാൻ കഴിഞ്ഞു.

താൻ അറിയാത്ത, കേട്ടിട്ടുപോലുമില്ലാത്ത മുത്തച്ഛന്മാരുടെ ശ്രേണിയിലേക്കു ഗോപി കൗതുകത്തോടെ നോക്കിയിരുന്നു. ഓരോ കളത്തിലേയും പ്രപിതാമഹർ ചെറുമകനെ വാത്സല്യത്തോടെ നോക്കി.

ആരെല്ലാമായിരുന്നിരിക്കും, അവർ? അവർ എങ്ങനെയുള്ളവർ ആയിരുന്നിരിക്കും? എല്ലാവരും സദാചാരത്തോടെ ജീവിച്ചിരുവർ ആയിരുന്നോ? ഏയ്... ആയിക്കൊള്ളണമെന്നില്ല. പണ്ഡിതൻ, പാമരൻ, ധനവാൻ, നിസ്വൻ, വിദ്വാൻ, അധമൻ, സ്ത്രീലമ്പടൻ, സാത്വികൻ, കുറ്റവാളി, രാജ്യസ്നേഹി, സ്വാർത്ഥി... തന്റെ വംശപരമ്പര ഇങ്ങനെ ഓരോ കണ്ണിയിലൂടേയും ഒഴുകിയിരിക്കാം.

ഏതായാലും ഒന്നു തീർച്ചയാണ്. തനിക്കു മുകളിലുള്ള ശ്രേണിയിൽനിന്നും ഏതെങ്കിലും ഒരു കളം മാറ്റി എന്നിരിക്കട്ടെ, എങ്കിൽ പിന്നെ താഴേക്ക് ചങ്ങലയില്ല! അതായത്, ഈ അറ്റത്ത് നിൽക്കുന്ന താനുമില്ല! ഗോപിക്ക് ഉള്ളിൽ ഒരു ഉൾക്കിടിലം അനുഭവപ്പെട്ടു. വംശസംരക്ഷണം... മഹത്തായ ഈ ഒരു കർമ്മം തനിക്കു മുമ്പേ ജീവിച്ച ഓരോ മുത്തച്ഛനും ചെയ്തുപോന്നിട്ടുണ്ട്!

ചിന്ത ഇത്രയുമെത്തിയപ്പോഴാണ് ഗോപിക്ക് ഒരു അപചയം തോയിത്. എന്തിനു മുത്തച്ഛന്മാരെ മാത്രം കണക്കാക്കി? മുത്തശ്ശിമാർക്കും തുല്യപങ്കാളിത്തമില്ലേ? അതായത്, ഓരോ കുളത്തിലും, തൊട്ടുകിടക്കുന്ന കളങ്ങൾക്കു കൂടി തുല്യബന്ധം കല്പിക്കണം. തന്റെ കളത്തിനു മുകളിൽ അച്ഛൻ അമ്മ എന്ന രണ്ടു കളങ്ങൾ. അതിനു മുകളിൽ രണ്ടു മുത്തച്ഛന്മാരും രണ്ടു മുത്തശ്ശിമാരും. ഇങ്ങനെ, രണ്ട്... നാല്... എട്ട്... പതിനാറ് എന്നിങ്ങനെ മുകളിലേക്ക് മലർത്തിവെച്ച കുടയുടെ ആകൃതിയിൽ ബന്ധങ്ങളുടെ കളങ്ങൾ പടർന്നു കയറുന്നു. എല്ലാ ബന്ധങ്ങളും ചുമരിലെ കളങ്ങളിൽ ഒതുക്കുവാൻ പ്രയാസം. ചുമരിന്റെ മുന്നിലും പിന്നിലും ഇതുപോലുള്ള കളങ്ങളുടെ പടലങ്ങൾ ആവർത്തിക്കുന്നതായി ഗോപിക്ക് തോന്നി. അവയിൽ, തന്റെ കുടുംബശ്രേണി പോലുള്ള അനേകം കുടുംബങ്ങളുടെ പടർപ്പുകളും അന്നേരം അയാൾക്ക് കാണുവാൻ കഴിഞ്ഞു. കളങ്ങൾ പോലല്ല, തേനീച്ചക്കൂടിലെ അറകൾ പോലെ, ഗോപി മനസ്സിൽ സ്വയം പറഞ്ഞു.

ക്ഷണനേരത്തിൽ, ചുമരിൽ പടർന്നുപന്തലിച്ചു കിടക്കുന്ന എല്ലാ കളങ്ങളും താൻ എന്ന ജീവിയിൽ സാരമായ ബന്ധം പുലർത്തുന്നതായും ഗോപിക്ക് കാണുവാൻ കഴിഞ്ഞു.

ആദവും, ഹവ്വയിൽ നിന്നും എല്ലാം തുടങ്ങുന്നു. അതോ ലൂസിയിൽ നിന്നോ? കമഴ്ത്തി വെച്ച കുടപോലൊരു ബന്ധപരമ്പര താഴോട്ട്... ഇപ്പോൾ കണ്ടെത്തിയ, മലർത്തി വെച്ച് കുട പോലൊരു വള്ളിപ്പടർപ്പ് മുകളിലോട്ടും!... ഗോപിക്ക് വീണ്ടും മനസ്സിൽ ആശയക്കുഴപ്പമായി.

മുകളിലേക്ക് ഒരു മേലാപ്പുപോലെ കയറിപ്പോവുന്ന ബന്ധങ്ങൾ ഒരു മഹാവൃക്ഷമായാണ് അപ്പോൾ ഗോപിക്ക് തോന്നിയത്. ആദത്തിൽ നിന്നും തുടങ്ങുന്ന, തന്നിലേക്ക് നേരിട്ടെത്താത്ത പല ബന്ധങ്ങൾ ആലിൻ വേര് കണക്കേ പല ശാഖകളിൽനിന്നും ഊർന്നിറങ്ങുന്നു. കൊള്ളാം, ഈ ചിത്രമാവും ഒന്നുകൂടി ഭേദം, ഗോപി മനസ്സിൽ പറഞ്ഞു.

ഗോപി വീണ്ടും സ്വന്തം കളത്തിലേക്ക് മിഴിയൂന്നി. തനിക്കു വലതുവശം ചേർന്ന കളത്തിൽ മധുവേട്ടൻ, ഇടത്തേതിൽ സുമതി. അതിനു മുകളിലെ കളങ്ങളിൽ, അച്ഛൻ, അമ്മ, കുമാരമ്മാമൻ...

സുമതിയുടെ മകൾ കാഞ്ചനയോ? അയ്യോ!... പാവം! അവൾ മേശക്കടിയിൽ പോയിരുന്നു.

ഗോപി എഴുന്നേറ്റ് മേശ മെല്ലെ ചുമരിൽ നിന്നും തെല്ലകറ്റിയിട്ടു.

"നീയെന്താ ഗോപീ, കൊറേ നേരായീലോ ഇബടെ ഇര്ട്ടത്ത് കുത്തിരിക്കണു..." അമ്മ പിറകിൽ വന്നു നിന്നത് ഗോപി അറിഞ്ഞിരുന്നില്ല. "അമ്മ പറഞ്ഞത് മോന് വെഷമായ്യോ? ഞാൻ നിർബ്ബന്തിക്കണൊന്നൂല്യ, ട്ടോ... "

"ഏയ്... അങ്ങന്യൊന്നൂല്യ, അമ്മേ. ടി.വീല് ഒര് പ്രോഗ്രാം ഇണ്ടായിരുന്നു. അത് കണ്ടിരുന്നതാ."

"എന്നാ നീ എണീക്ക്! മണി എട്ടായി. നീ വേഗം ഉണ്ണാൻ വായോ."

"ങ്ഹാ... ദാ വര്ായി അമ്മേ ഞാൻ.... അമ്മ കിണ്ണം വെച്ചോളൂ."

കൈ കഴുകി ഗോപി ഊൺ മേശക്കരികെ എത്തി.

"അമ്മേ... സുമതി എന്ന് വരാം ന്നേ പറഞ്ഞത്?"

കിണ്ണം മലർത്തുമ്പോൾ ഗോപി ചോദിച്ചു. ▲



ശരിയായ പേര് ഡോ. കെ.പി. സുബ്രഹ്മണ്യൻ. 1958ൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് കുറൂർ മനയിൽ ജനനം. അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ഭൗതികശാസ്ത്രത്തിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്തുവരുന്നു. കർണ്ണാടക സംഗീതത്തിലും സാഹിത്യത്തിലും തൽപ്പരൻ. "പലായനം" എന്ന കഥ 2007-ൽ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കപ്പെട്ടു.

# ഓണസ്മാരകം

## നിശാന്ത്

സൂര്യൻ ഉദിക്കുന്നതും കാത്തു, മൊബൈൽ അലാറം പോലുമില്ലാത്ത കാലത്ത് കൃത്യസമയത്ത് ഉണർന്നു പ്രഭാത കർമ്മങ്ങൾ ചെയ്തെന്നു വരുത്തി പൂക്കുടയുമായി  ഞാൻ ആദ്യം എന്ന മട്ടിൽ ഓടി; തുമ്പ ചെടി നിറഞ്ഞ പറമ്പിൽ കൂട നിറയെ പൂ പറിച്ചു, വയറു നിറഞ്ഞതിലും വലിയ സന്തോഷ സുസ്മിതം നിറഞ്ഞ പൂക്കാലം ....

പള്ളിക്കൂടം  വിട്ടു വരും വഴികളിൽ വിടരാൻ വെമ്പി നില്ക്കുന്ന ഒടപൂവും കാക്കപൂവും, ചെമ്പരത്തിയും കട്ടെടുത്തു പിറ്റേന്നാളേക്ക് വേണ്ടി കരുതിവേച്ചൊരു കുറുമ്പൻ കാലം .....

നനഞ്ഞ മുക്കുറ്റി പൂ പൊട്ടാതെ അടർത്തിയെടുത്തു തൊട്ടാൽവാടി മുള്ള് കൊള്ളാതെ  പൂ പറിച്ചു നടന്ന, താമര പൊയ്കയിൽ ഇറങ്ങി താമര പറിച്ചതിനു അമ്മയിൽ നിന്നും തല്ലു കിട്ടിയിരുന്ന വികൃതികാലം....

കുളിച്ചൊരുങ്ങി പൂവിട്ട് പൂവേ പൊലി പാടി വെള്ളം നിറച്ച ചെമ്പില കുമ്പിൾ വീടിന്നു മുകളിലേക്കെറിഞ്ഞു, പൂക്കളം നോക്കി മന്ദാരം കുറഞ്ഞെന്നോ, മതിൽപച്ച കൂടിയെന്നോ പറയുന്നവരോട് കെറുവിച്ചു പള്ളികൂടത്തിലേക്കൊടുന്ന ഓണക്കാലം ...

കൂടെ ഒരേ ബെഞ്ചിൽ ഇരിക്കുന്ന സുഹൃത്തിനോട് കാലത്തിട്ട പൂക്കളത്തിന്റെ ശേല്  പറഞ്ഞു അഭിമാനിക്കുന്ന നേരത്ത്, അവന്റെ ചേച്ചിയിട്ട പൂക്കളത്തിന്റെ സൌന്ദര്യം എന്റെ പൂക്കളത്തിലും നല്ലതെന്ന് മനസ്സിലായതിന്റെ വേദന ഉള്ളിൽ ഒതുക്കി, അവന്റെ ചേച്ചിയോട് സങ്കടം നിറഞ്ഞ ദേഷ്യം ഉള്ളിൽ നിറച്ചു, നാളെക്കൊരു നല്ല പൂക്കള ചിത്രം മനസ്സില് സങ്കല്പിച്ചു ഗുരുവചനങ്ങൾ മറന്നു ക്ലാസ്സിൽ ഇരുന്ന ഒരു പരീക്ഷ കാലം..

തിരുവോണത്തിന് പത്തു കുടവെക്കാൻ ചെമ്പരുത്തി കിട്ടാതെ തേടി തേടി കിട്ടിയ ചെമ്പരത്തി പൂക്കൾ കേടാവാതിരിക്കാൻ വാഴയിലയിൽ കെട്ടി കിണറ്റിൽ ഇറക്കി കരുതി വെച്ചൊരു സുന്ദര കാലം..

തിരുവോണ സദ്യയുടെ മണം കിനിഞ്ഞു വരും നേരം വരെ പൂക്കളമിട്ട്, ഒരുമിച്ചുണ്ട്, കളിച്ചു അടുത്ത വീടുകളിലെ പൂക്കളം കണ്ടു സ്വന്തം പൂക്കളം തന്നെ നല്ലതെന്ന സ്വകാര്യഅഹങ്കാരം നിറഞ്ഞ മനസ്സോടെ അവിടങ്ങളിലെ പായസം നുണഞ്ഞു കിന്നാരം പറഞ്ഞു സന്ധ്യപൂൽകും വരെ വിഹരിച്ചു നടന്ന ഒരുൽസാഹ കാലം....

ഓണനിലാവും ഓണവില്ലും ഓണത്തല്ലും ഒന്നും ഇല്ലാത്ത ആധുനിക ഓണം, പറിക്കാൻ  പൂക്കൾ ഇല്ലാത്തതു കൊണ്ട് നമുക്ക് നഷ്ടമായത് സൌഹൃദ കൂട്ടായിമകളും   നിഷ്കളങ്ക പ്രണയങ്ങളും ചെറു പിണക്കങ്ങളും ... മുറ്റമില്ലാത്തതു  കൊണ്ട് നഷ്ടപെട്ടത് പൂത്തറയും പൂവിളിയും ... ഓണസദ്യപോലും കച്ചവടവൽക്കരിക്കപ്പെട്ട ഈ കാലഘട്ടത്ത് ഓണം ഉറങ്ങി തീർക്കുന്ന  ഒരു വെറും ആൾക്കൂട്ടമായി മാറുന്ന നമ്മൾ മലയാളികൾക്ക് ഇനി എന്നാവും ഒരു തിരിച്ചറിവ് വരുക ആവോ....

ഇതൊരു നഷ്ടബോധത്തിന്റെ പകർന്നാട്ടം ആണ്, ആരും കാണില്ലെന്ന്   ഉറപ്പുണ്ടായിട്ടും വെറുതെ കാലത്തിനോട് ഏറ്റുപറയുന്നു എന്ന് മാത്രം ... ▲

# Unnikuttante Lokam

*Aparna Krishnan*

*A World Lost To The New Generation*

The Malayalam writer P.C . Gopalan, who is better known by his pen name Nandanar, is famous for his stories on army life during the 1940s and 1950s. In his novels and short stories, he beautifully depicts the provincial Kerala life and nostalgia of soldiers. Amongst all his works, the one that touched my heart is his series on Unnikuttan, comprising of Unnikuttante Oru Divasam, Unnikuttante Lokam, Unnikuttan Valarunnu and Unnikuttan Schoolil. I owe a great deal to these books for inspiring in me a taste to read and appreciate Malayalam fiction.
Nandanar, through his inimitable style of narration, presents to us a bygone world of childhood innocence; one devoid of play station, Barbie dolls and amusement parks. The novels show us the games that children of Kerala villages played during 1970s; games that are now mere hearsays for our children. These include making bulls out of jackfruit leaves, playing 'kutteem kolum', the rustic brother of Cricket and 'niravum rajyavum'.




The novel is mostly comprised of Unnikuttan's musings about the life around him. He shows us the simplicity and freshness of the unique Valluvanadan lifestyle, intact with its paddy fields, savouries like kondattam and rituals like 'taalappoli utsavam' and 'chaetta kalayal'. The five year old Unnikuttan is an observant young boy, with a colourful imagination and a daring spirit.
When the novel opens, Unnikuttan is waking up from a beautiful dream in which a soda man with yellow beard sells soda in glass bottles with the characteristic round pebble lodged in its neck. His world consists of his parents, elder brother Kuttiyettan, younger sister Ammini, Muthassan and Muthassi. Nandanar subtly tells us about the social ranking of this family by portraying the number of servants in the house- Kaliyamma, Kuttan Nair and Mundi. Growing up in a joint family, rich with its customs and conventions, Unnikuttan emerges as a loving, adjusting child who seldom troubles the elders. Though surrounded by people, we see

Unnikuttan roaming about the house and grounds by himself. He seems caught up in a world of imagination, wondering about his Kuttettan's life in school, Muthassan's work in the fields, Kuttan Nair's dexterity at handling the odd jobs at home and Ashari Velu's skillmanship at carving beautiful furniture.

The chapter where Unnikuttan play acts his hero Velichapad's antics using teak leaf and water, creating mock blood transport the readers right into a world where children lived at one with the Nature around them. Unnikuttan's curiosity gets the better of him when he decides to sample a bit of Muthassan's jaggery coated tobacco and falls into a dizzy sleep. He plays with the lamb and runs behind the calf.

While going to the temple pond to bathe with his Muthassi, he amusedly watches Basheer Mapla fishing in the overflowing canal running along the road side. He eagerly picks up the cinema posters flying along the street and reads the letters he knows - ക, അ, ഉ. He bears with grace the patronizing sneer of school-going Kuttettan and the tantrums of three year old Ammini. In the noon time, when everyone else takes a nap, Unnikuttan finds respite from the sun's blazing heat beneath the bamboo grove, where snakes are rumoured to lurk. He wonders how snakes eat their prey, like rats and frogs. Unfortunately, no National Geographic or Discovery come to his help and he solely relies on information passed down to him from Kuttan Nair.

We see, throughout this book, a childhood untainted by the hussles of city life, where children are free to explore the pristine beauty of Nature, where they learn more from experience than books, where they rely on their creativity for entertainment. I view this book as an excellent antidote to the technology-ridden world that our children are now exposed to, where they become alien to the intoxicating smell of new rain on parched earth, where they forget their roots to Kerala's delightful traditions and where our language is fast losing its appeal to their tender souls. Because, whenever I feel like taking a plunge into my childhood memories, I eagerly browse through the gloriously innocent adventures of Unnikuttan's world. The child in me still holds those oft-thumbed pages dear to her heart. ▲

Aparna Krishnan is a freelance writer who loves writing in English and Malayalam. She recently moved to Singapore from Kerala and was previously teaching English as a college lecturer. A Masters in English literature by education, Aparna is a trained Carnatic singer, who also enjoys traveling and cooking.





# കേളൻ കേഴുന്നു

## ചെറുതുരുത്തി ഉണ്ണികൃഷ്ണൻ

കൊച്ചി മഹാരാജ്യത്തിന്റെ അതിർത്തിയിൽ പെട്ട തലപ്പിള്ളി താലൂക്കിലെ ചെറുതുരുത്തിയിൽ നിളയുടെ തീരത്ത് കേളൻ ചൂണ്ടയും പിടിച്ചിരിപ്പായിട്ട് മണിക്കൂറു രണ്ടായി. ഒരൊറ്റ മീനും ഇതുവരേയും ചൂണ്ടയിൽ കൊത്തിയിട്ടില്ല. കേളൻ സ്വയം ശപിച്ചു. അഭ്യസ്ത വിദ്യസ്തനായ കീഴാള സമുദായത്തിൽപെട്ട തൊഴിൽ സംവരണത്തിന് അർഹനായ തനിക്ക് ഈ ചൂണ്ടയുമായി പുഴക്കരയിൽ തപസ്സിരിക്കാനാണ് യോഗം. കൈക്കൂലി കൊടുക്കാൻ കാശില്ലാത്തതിനാൽ തനിക്ക് അർഹതയുള്ള സർക്കാരുദ്യോഗം നിഷേധിക്കപ്പെട്ടു. സർക്കാരുദ്യോഗം തരപ്പെടണമെങ്കിൽ പണം മറിക്കണം. ഈ ദുസ്ഥിതി എന്നുമാറും ഭഗവാനെ. പുഴയിൽ മത്സ്യം തീരെ ഇല്ലാതായിരിക്കുന്നു. വലക്കാരൻ ഇസ്മായിൽ ഇക്ക വലവീശി മണലും കൂടി അരിച്ചുപെറുക്കി നൊപ്പ പരലുകളെക്കൂടി തപ്പി എടുക്കും. പിന്നെങ്ങനെ ചൂണ്ടയിൽ മീൻ കൊത്താൻ?

ഹിസ്റ്ററി ബിരുദമെടുത്ത തനിക്ക് പഴമക്കാർ പറഞ്ഞുകേട്ടറിവ് കൂടാതെ സ്വയമായി പഴയ ചരിത്രം മെനഞ്ഞെടുക്കാൻ ഒരു പ്രത്യേക ഉത്സാഹമാണ്. ചൂണ്ടയിട്ട് മീൻ കൊത്തുന്നതുവരേക്കും വെറുതെയിരിക്കുമ്പോൾ സ്ഥല ചരിത്രത്തെപ്പറ്റിയും കാല ചരിത്രത്തെപ്പറ്റിയും ഓർത്ത് ഓരോന്ന് മെനെഞ്ഞെടുക്കും. എത്ര എത്ര കവികൾ എത്ര എഴുത്തുകാർ,കലാകാരന്മാർ, ചരിത്ര ഗവേഷകർ ഈ നിളയുടെ തീരത്തിരുന്ന് നിളയെക്കുറിച്ചും സ്ഥലപുരാണങ്ങളെക്കുറിച്ചും പ്രത്യേകിച്ച് ഈ പ്രകൃതി രമണീയതെക്കുറിച്ചും എഴുതിയിട്ടുണ്ട്.

തന്റെ മുത്തച്ഛന്റെ ഭാഷേല് പറയാച്ചാല്, ചെറൂട്ത്തിക്കും ചൊറണൂർക്കും എടക്ക് കൊച്ചി മഹാരാജ്യത്തിനേയും മലബാറിനേയും കൂട്ടിയിണക്കുന്ന ഈ കൊച്ചി പാലം പണി നടക്കുന്ന

കാലത്തെപ്പറ്റി പലതും പറഞ്ഞുകേട്ടിട്ടുണ്ട്. പാലം പണി നടക്കുമ്പോ, നാട്ടിലെമ്പാടും കുട്ട്യോളെ പിടുത്തക്കാര് ഇറങ്ങീത്രേ. പാലത്തിന്റെ ഓരോ കാല് ഒറപ്പിക്കുമ്പോഴും ഒരു കുട്ടിയുടെ കഴുത്തറുത്ത് ഇളം ചോര പാലത്തിന്റെ കാലിന്റടീലും ഊറ്റി ഉറപ്പിക്കുമത്രേ. നേരോ നുണയോ കേട്ടറിവ് മാത്രം. ചെറുതുരുത്തി പണ്ട് ചെറുട്ത്തീന്ന് പറഞ്ഞുപോന്നു. ചെറ്യേ തുരുത്തായിരുന്നുപോലും പണ്ട് ചെറുതുരുത്തി. മലമ്പുഴ അണക്കെട്ട് കെട്ടുന്നതിനു മുൻപ് ഈ ഭാരതപ്പുഴ നിറഞ്ഞ് ഒഴകി മാന്നന്നൂരിന്റടുത്ത് ഗതിമാറ്റി തെക്കോട്ട് ചാഞ്ഞ് മലയുടെ അടിയിൽ ഒരു ചുഴിയുണ്ടായി അതൊരു കുളമായത്രേ. ആ പയേ കൊളാത്രേ ഇപ്പ പൈങ്കുളം എന്നറിയപ്പെടുന്നത്. മലയടിവാരത്തിലെ മണ്ണ് ചുഴിയെടുത്ത് പടിഞ്ഞാറോട്ടൊഴകി ഒരു ചെറിയ മൺ തുരുത്തുണ്ടായി. അങ്ങനെ ചെറുതുരുത്തിയുണ്ടായി. ഇപ്പോഴത്തെ ഷൊർണ്ണൂർ ചൊറമണ്ണൂരായിരുന്നു. ചൊറമണ്ണ് നല്ലോണം കിട്ടിപ്പം ബ്രിട്ടീഷുകാര് പുഴയുടെ തീരത്ത് ഓട്ടുക്കമ്പനി പുനഃസ്ഥാപിച്ചു.

ആനമലേന്ന് പുറപ്പെടുന്നതാണ് ഈ ഭാരതപ്പുഴാന്നും പറേണ്ണ്ട്. പേരാറു മഴയത്ത് പെരുത്തൊലിച്ചൊഴുകിയതിനാൽ ഇതിനെ പേരാറെന്ന് പണ്ടു വിളിച്ചു. പാലക്കാടൻ പനയുടെ പാത്തി നല്ല കല്ലുപോലെ ബലമുള്ളതിനാൽ കൊട്ടത്തേക്കിനും, കാളത്തേക്കിനും (പഴയകാലത്തെ വെള്ളം തേവുന്ന സമ്പ്രദായം) പുഴയോരത്ത് നിരത്തിയിട്ടതിനാൽ അവിടം കല്പ്പാത്തിയായി. മലമ്പുഴ രണ്ട് കൈവഴിയായി തിരിഞ്ഞ് ശോകനാശിനി, യാക്കര, കണ്ണാടി, കൊട്ടന്തിരപ്പുള്ളി പുട്ടൂർ വഴിയൊഴകി തദ്ദേശ നാമത്തിലറിയപ്പെട്ട് പറളിയിൽ വന്ന് വിറളി പൂണ്ട് കല്പാത്തി പുഴയുമായി ചേർന്ന് ഒന്നായതിനാൽ അവിടം പറളിയായി. പിന്നീട് മൺ കര(മങ്കര) യില്യൂടൊഴകി പാമ്പുപോലെ നെളിഞ്ഞ് വില്വാദ്രിനാഥന്റെ കാലടിതൊട്ട് ലക്കുകെട്ടൊഴകി (ലക്കിടി) കുറുക്കെ വീണു കിടന്നിരുന്ന പാലയുടെ പുറമേക്കൂടിയൊഴകി (പാലപ്പുറം)മായന്നൂർ തഴകി ഒറ്റപ്പാലം സ്വപ്നം കണ്ട് തെക്ക് പടിഞ്ഞാറ് ഒരു കുന്നിടിച്ച് കുളമുണ്ടാക്കി (പൈങ്കുളം) ചുഴിയിൽ മണ്ണെടുത്ത് ചെറിയതുരുത്തുണ്ടാക്കി(ചെറുതുരുത്തി). ബാക്കി വന്ന ചൊറമണ്ണ് വടക്കോട്ടടിച്ചുകയറ്റി (ഷൊർണ്ണൂർ) പടിഞ്ഞാട്ടുപാഞ്ഞ് തെക്കൊരു പള്ളവും വടക്കൊരു മുണ്ടമുഖവും(മുണ്ടായ) തീർത്ത് വടക്കോട്ടൊഴകി. മഹാദേവ മംഗലം തൊഴുത് കരക്കാട്ടുകൂടി ഓങ്ങിയൊഴകി(ഓങ്ങല്ലൂർ) പട്ടാമ്പിയിലെത്തി അല്പം ശാന്തത വന്നതിനുശേഷം തൃത്താളം ചവിട്ടി (തൃത്താല) കുറ്റിപ്പുറത്തൂക്കൂടി പരന്നൊഴകി ചമ്രവട്ടത്തപ്പനെ വലംവച്ച് നവായ മുകുന്ദന് അഭിഷേക ജലവുമായി തിരുനാവായ മാമാങ്കതീരം തീർത്ത് പൊന്നാനി പുഴയായി അറബിക്കടലമ്മയുടെ മടിയിൽ തലചായ്ച്ച്. അറബിക്കടലമ്മ നിളയാകുന്ന നദി മകളെ ആയിരമായിരം തിരകളായ തൻ കൈകളാൽ മാറി മാറി ആശ്ലേഷിച്ചു. എന്നാണ് ചരിത്രം പഠിച്ച കേളന് തോന്നിയതും പഴമക്കാർ പറഞ്ഞറിഞ്ഞതും.

മുമ്പൊക്കെ ഉപ്പും ഉണക്കമീനും പൊന്നാനിയിൽ നിന്നും പായ് തോണിയിൽ കയറ്റി പാലക്കാട്ടേക്ക് വാണിഭത്തിനായി പുഴയിൽക്കൂടി കിഴക്കോട്ട് പോയി കച്ചവടം നടത്തി തിരിച്ചു വരുമ്പോൾ എണ്ണ പിണ്ണാക്ക് പരുത്തിക്കൊട്ട എന്നിവ പാലക്കാട്ടുനിന്നും, മായന്നൂരിൽ നിന്നും; വിറകും, മുളയും ഷൊർണ്ണൂരിൽ നിന്ന് ഓട്ടും കയറ്റി തിരിച്ച് പൊന്നാനിയിലെത്തിയിരുന്നു. അങ്ങനെ വാണിഭം തരി തകൃതിയായി നടന്നിരുന്ന കാലമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതിയോ? ഭാരതപുഴ വറ്റിവരണ്ട് മരിയ്ക്കാറായിരിക്കുന്നു. കളകളം പാടിയൊഴകിയിരുന്ന നിളയിന്ന് ഊർദ്ധ്വശ്വാസം വലിച്ച് അവശയായിക്കഴിയുന്നു. അമൃതിനു തുല്യമായ അവളുടെ ജലസമ്പത്തും പൊന്നിൻ വിലയുള്ള പഞ്ചസാര വെണ്മണൽ സമ്പത്തും ഊറ്റികൊള്ളയടിക്കപ്പെട്ടു. ആറ്റു വഞ്ചി പൂത്തുലഞ്ഞിരുന്ന ഇരുകരകളും ഇഷ്ടികക്കളങ്ങൾ വന്നതിനാൽ സമനിരപ്പായി, പുഴയേത് വയലേത് എന്ന്

തിരിച്ചറിയാൻ പറ്റാത്ത പരുവത്തിലായി. വയലിൽ കൃഷിയിറക്കുന്നതിനു പകരം ഇഷ്ടികക്കളങ്ങളും വയൽ നികത്തി പുത്തൻ മണിമാളികകളും തലയുയർത്തി. നഗരത്തിലെ മാലിന്യങ്ങളും ചപ്പുചവറുകളും പുഴയിലേക്കെറിഞ്ഞു. ചീഞ്ഞു നാറുന്ന അഴുക്കുജലം നിളയുടെ വിരിമാറിലേക്കൊഴുകി. അങ്ങനെ കുളിക്കാനും കുടിക്കാനും ഒക്കാത്തതായി ഇന്ന് നിളയിലെ വെള്ളം. നിളയിലെ തെളിനീർ ഗംഗാജലത്തിന് സമാനമായിരുന്നുവെന്നാണ് പഴമക്കാർ പറഞ്ഞറിവ്.

മഹാകവി വള്ളത്തോൾ നിളയെപ്പറ്റി നിറയെ കവിതകളെഴുതി വിശ്വവിഖ്യാതമായ കേരള കലാമണ്ഡലം നിളയുടെ തീരത്ത് അദ്ദേഹം പടുത്തുയർത്തി. കുഞ്ചനും, തുഞ്ചനും നിളയുടെ ആത്മാക്കളാണ്. പി. കുഞ്ഞിരാമൻ നായർക്ക് നിള രോമാഞ്ചമായിരുന്നു. മഹാകവി അക്കിത്തം മുതലായ മഹാരഥന്മാരും ശ്രീ ഉണ്ണികൃഷ്ണൻ ചെറുതുരുത്തിയും, യുവ കവിയായ ശ്രീ. ആലങ്കോട് ലീലാകൃഷ്ണനും നിളയെ കുറിച്ച് കവിതകളെഴുതി. എം. ടിയുടെ ഓരോ കഥകളിലും നിളയുടെ സാന്നിദ്ധ്യം നിറഞ്ഞുകാണാം. ഇന്നത്തെ നിളയുടെ അവസ്ഥയെപ്പറ്റി അദ്ദേഹം ഏറെ ദുഃഖിതനാണ്. നിളയുടെ ഇന്നത്തെ ശോചനീയാവസ്ഥകണ്ട് അറബിക്കടലമ്മ തലതല്ലികരയുന്നു. എല്ലാം ശോകമൂകമായി നോക്കി കാണുകയാണ് അച്ഛനായ സഹ്യൻ. ഒരു കാലത്ത് ധാരാളം മത്സ്യബന്ധനത്തിന്റെ ഉറവിടമായിരുന്ന നിളയിന്ന് വന്ധ്യത പേറുകയാണ്.

സാമാന്യ വിദ്യാഭ്യാസം ലഭിച്ച കീഴാള വർഗ്ഗത്തിൽ പെട്ടവനായാലും കേളൻ എന്നുപേരായ തനിക്കും അല്പസ്വല്പം സാഹിത്യവാസനയുണ്ട് വായനാശീലവും, പഠിച്ചത് ചരിത്രമാണെങ്കിലും പ്രകൃതി സ്നേഹത്താൽ തന്റെ ചിന്തകൾ എങ്ങോട്ടോ വഴിമാറിപ്പോകുന്നു. സംവരണമുണ്ടായിട്ടുപോലും, കൈക്കൂലികൊടുക്കാൻ കഴിയാത്ത തനിക്ക് സർക്കാരുദ്യോഗം നിഷേധിക്കപ്പെട്ടു. ജീവിക്കാൻ മറ്റുമാർഗ്ഗമില്ലാത്തതിനാൽ തന്റെ പരമ്പര തൊഴിലായ ചൂണ്ടയും കൈവലയും തനിക്ക് ഉപജീവനമാർഗ്ഗമായി. വറ്റിവരണ്ട നിളയ്ക്ക് ഒരു പുതു ഉന്മേഷം ആവശ്യമാണ്. അതിനെന്താണ് പോംവഴി? മണൽ ലോബികളുടെ കരാളഹസ്തത്തിൽനിന്നും നിളയെ മോചിപ്പിച്ചാലെ പുഴയെ ആശ്രയിച്ചു കഴിയുന്ന മീൻ പിടുത്തക്കാർക്കും, തോണിക്കാർക്കും, കർഷകർക്കും ജീവിതമാർഗ്ഗം തെളിയുകയുള്ളു. കാലാന്തരത്തിൽ ദുർഗന്ധം പേറിയൊലിക്കുന്ന ഒരു ഓടയായി നിള അധഃപതിക്കരുത്. ഈ നില തുടർന്നാൽ കേളനും, ഇസ്മായിലിനും, തോണിക്കാരൻ റപ്പായി ചേട്ടനും കഞ്ഞി എന്നും കുമ്പിളിൽ തന്നെയായിരിക്കും. ഇന്ന് മണലൂറ്റിയെടുത്ത് സമ്പന്നരായവർ നാളെ മണലില്ലാതായാൽ കുത്തു പാളയെടുക്കേണ്ടതായി വരും. സർക്കാരിന്റെ ശ്രദ്ധക്ക്, "പുഴയെ രക്ഷിക്കു, ഞങ്ങളെ ജീവിക്കാനനുവദിക്കു". കേളൻ തന്റെ ചൂണ്ടയുമായി നിളയുടെ കരയിൽ നിന്നും മന്ദം മന്ദം നടന്നു നീങ്ങി. മരിക്കാൻ കിടക്കുന്ന നിളയെ രക്ഷിക്കാൻ ഇനിയെങ്കിലും രാഷ്ട്രീയപാർട്ടികളോ മനുഷ്യസ്നേഹികളോ പ്രകൃതിസ്നേഹികളോ മാറി മാറി വരുന്ന സർക്കാരോ ശ്രദ്ധ ചെലുത്തുമോ?

▲

ചെറുതുരുത്തി ഉണ്ണികൃഷ്ണൻ ചെന്നൈയിലെ അറിയപ്പെടുന്ന കവി. ചെന്നൈ കവി സംഗമത്തിന്റെ ജനറൽ സെക്രട്ടറി, മദിരാശി കേരളസമാജം നന്ദമ്പാക്കം ശാഖയുടെ ജോയിന്റ് സെക്രട്ടറി, കൂടാതെ ഒട്ടനവധി മലയാളി സംഘടനകളിൽ സജീവമായി പ്രവർത്തിച്ചുവരുന്നു. സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും തല്പരൻ. മലപ്പുറത്തെ "നവകം" മാസികയുടെ ലേഖനത്തിന് ഒന്നാംസമ്മാനം നേടി. മഹാലിംഗപുരം അയ്യപ്പൻ, ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ "പുഷ്പാഭിഷേകം" മാസികയിൽ കവിതക്കുള്ള പ്രത്യേകപാരിതോഷികം ഈയ്യിടെ ലഭിക്കുകയുണ്ടായി. ചെന്നൈയിലേയും, കേരളം, മുംബായ്, ഔറംഗാബാദ്, ഭിലായ് എന്നിവിടങ്ങളിൽ നിന്നുള്ള ആനുകാലികങ്ങളിലും നായർട്ടുഡേ, കുലപതി എന്നീ പ്രസിദ്ധീകരണങ്ങളിലും സ്ഥിരമായി എഴുതുന്നു. ചെന്നൈയിൽ സ്ഥിരതാമസം. മൂത്ത മകൾ സിന്ധുവും ഭർത്താവും, രണ്ടു കുഞ്ഞുങ്ങളും സിംഗപ്പൂരിലുണ്ട്.





# അനിത്യം മാനവ ജീവിതം

ബിജു പ്രഹ്ലാദ് വടക്കെപ്പാട്

ഉദയത്തിനസ്തമനം പോൽ
ജനിമൃതിയുലകിലധിഷ്ഠിതം
വസന്തോദയെ വിടരും മലരുകൾ
പൊഴിഞ്ഞിടും ദിനാന്തമണയവെ

നീർക്കുമിളകളീ മാനവജീവിതം
ആദി മദ്ധ്യാന്തമീയുലകിൽ
നിത്യതതേടി പരബ്രഹ്മത്തിലലിയുവാൻ
അന്തരാത്മാവിൻ പ്രയാണം

ദേഹിതൻ ദേഹാന്തര പ്രാപ്തിയെന്നു
ഗീതയിലച്യുതനുരിയാടിടുന്നു
അനാദികാലാദാരഭ്യയനുദിനം
പ്രപഞ്ചം ദർശിക്കുമീ പരമസത്യം

ഉദയത്തിനസ്തമനംപോൽ – ഭുവിൽ
ജനിക്കുകിൽ മരിച്ചിടും മണ്ണോടലിഞ്ഞിടും
മായയായി മറഞ്ഞിടുമേവരും ഭുവിതിൽ
ഋതുഭേദംപോൽ വീണ്ടുമണഞ്ഞിടും

ശിശിരകാലേ പൊഴിഞ്ഞു പോം
പർണ്ണങ്ങൾ, വർഷാഗമേ തളിർത്തിടും
അനാദികാലാദാരഭ്യയനുദിനം
പ്രപഞ്ചം ദർശിക്കുമീ പരമസത്യം

# മഹാകവി കുമാരനാശാൻ

## ഡോ. സി. എൻ. എൻ. നായർ



"മനുഷ്യരുടെയിടയിൽ എപ്പോഴൊക്കെ
അധർമ്മം വർദ്ധിക്കുകയും ധർമ്മച്യുതി
സംഭവിക്കയും ചെയ്യുന്നോ, ആ ദുഃസ്ഥിതി
പരിഹരിക്കുന്നതിനായി അതാതു സമയം
അവതാരപുരുഷന്മാർ ജന്മമെടുക്കും"
എന്ന് സുവിദിതമായ ഒരു ചൊല്ലുണ്ടല്ലോ. ഏതാണ്ട് തത്തുല്യമെന്നു തന്നെ പറയാം കലാസാഹിത്യരംഗങ്ങളിലും അനാശാസ്യപ്രവണതകൾ ഏറിവരികയും കലാമൂല്യങ്ങളും ദിശാബോധവും നഷ്ടപ്പെടുകയും ചെയ്യുമ്പോളെല്ലാം അത്യുജ്ജ്വലപ്രതിഭാധനന്മാർ അതാതു കാലത്ത് പ്രത്യക്ഷപ്പെടാറുണ്ട്. മലയാളഭാഷയെ സംബന്ധിച്ചിടത്തോളം, അങ്ങിനെ പ്രാചീന പ്രവണതകളെമാത്രം ആധാരമാക്കി കാവ്യരചന നടത്തിവന്ന ഒരു കാലഘട്ടത്തിൽ, ആ രംഗത്തെ ശുദ്ധീകരിക്കാനും, കവിതയ്ക്കു നവോന്മേഷം പകരാനും, നവ്യമായ ദിശാസങ്കേതങ്ങൾ നൽകാനും പ്രത്യക്ഷീഭവിച്ച ഒരു അവതാരപുരുഷൻതന്നെയാണ് മഹാകവി കുമാരനാശാൻ.

അഞ്ചു ദശകത്തോടടുത്തുമാത്രം നീണ്ടുനിന്ന തന്റെ ഹ്രസ്വമായ ജീവിതത്തിനുള്ളിൽ തന്നിലുള്ള കവിയേയും സാമൂഹ്യ പരിഷ്കർത്താവിനേയും സമന്വയിപ്പിച്ച് ഇരു രംഗത്തും അദ്വിതീയമായ നേട്ടങ്ങളും സ്ഥാനമാനങ്ങളും അദ്ദേഹത്തിനു ലബ്ധമായത് അനിതര സാധാരണമായ കൂർമ്മബുദ്ധിയുടേയും , അശ്രാന്ത പരിശ്രമത്തിന്റേയും ഫലമായിട്ടായിരുന്നു. സാരമായ ജീവിതപുരോഗതിക്കു സാധ്യതകൾ തുലോം വിരളമായ സാഹചര്യത്തിൽ ജനിച്ചുവളർന്ന കുമാരന്, 1891 -ൽ തന്റെ 18-ആം വയസ്സിൽ യാദൃശ്ചികമായി കൈവന്ന ശ്രീനാരായണ ഗുരുദർശനം, ദൈവദത്തമായ ഒരു വഴിത്തിരിവിലേക്കാണ് നയിച്ചത്. കുമാരന് പിൽക്കാലത്തെന്നും ഗുരുദേവൻ, "ഈശ്വരൻ കൽപിച്ച കൽപകമലർക്കൊടി"യായിരുന്നു. മാത്രമല്ല;

"അണകവിയുന്നഴലാഴിയാഴമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞു പാരവശ്യാൽ
അണി കരമേന്തിയണഞ്ഞിട്ടുന്നനാരാ
